# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)31/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3)31/2022 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 14-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ പി.എ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ബിത.ടി.എസ് ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജോ തോമസ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.കെ.എസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രസാദിനിമോഹൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| സാബു ജോർജ് സെക്രട്ടറി, അനു.ടി അസി എഞ്ചിനീയർ,സൈറാബാനു വി.കെ കൃഷി ഓഫീസർ(അഡ്ഹോക്ക് കമ്മിറ്റി) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.കെ.പി.രാജൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷീല എം.ബി | സെക്രട്ടറി | 01-04-2020 | 10-06-2020 |
| ജമുന പി.കെ | സെക്രട്ടറി | 11-06-2020 | 28-07-2020 |
| കൊച്ചുത്രേസ്യ ഇ.കെ | സെക്രട്ടറി ഇൻ ചാർജ്ജ്. | 29-07-2020 | 04-08-2020 |
| സാബുജോർജ് | സെക്രട്ടറി | 05-08-2020 | 04-03-2021 |
| വിദ്യഗോപിനാഥ് | കൃഷി ഓഫിസർ | 01-04-2020 | 08-06-2020 |
| ഭാനുശാലിനി | കൃഷി ഓഫിസർ | 09-06-2020 | 08-09-2020 |
| സൈറാബാനു | കൃഷി ഓഫിസർ | 09-09-2020 | 31-03-2021 |
| രാജപ്പൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-06-2020 |
| അനു.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ഡോ.പ്രീത എൻ.ആർ | വെറ്ററിനറി സർജൻ, | 01-04-2020 | 16-09-2020 |
| ഡോ.ശബ്ന പി.കെ | വെറ്ററിനറി സർജൻ,അഡീഷണൽ ചാർജ് | 17-09-2020 | 06-10-2020 |
| ഡോ.അരുൺ എം.എം | വെറ്ററിനറി സർജൻ,അഡീഷണൽ ചാർജ് | 07-10-2020 | 04-11-2020 |
| ഡോ.സിജി.ടി.എസ് | വെറ്ററിനറി സർജൻ,അഡീഷണൽ ചാർജ് | 05-11-2020 | 31-03-2021 |
| ഡോ.മിഥു.കെ.തമ്പി | മെഡിക്കൽ ഓഫീസർ,[ ആയുർവേദം] | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഭുവനേശ്വരി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സുജാത | മെഡിക്കൽ ഓഫീസർ, ഹോമിയോ , | 01-04-2020 | 15-07-2020 |
| ഡോ.ആർ.സജി.പി.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ , | 16-07-2020 | 31-03-2021 |
| സഹല.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലൈറ്റ് ഹൗസ് സർക്കിൾ | 01-04-2020 | 31-03-2021 |
| രഹിത.ഒ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ | 01-04-2020 | 03-08-2020 |
| ലാലി.കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ . അഴീക്കോട് ജട്ടി സർക്കിൾ ,ഇൻ ചാർജ് | 04-08-2020 | 31-03-2021 |
| ലാലി.കെ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാടവന സർക്കിൾ | 01-04-2020 | 31-03-2021 |
| സിനി കെ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ബിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-05-2020 |
| അരുൺ.പി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,അഡീഷണൽ ചാർജ് | 01-06-2020 | 10-06-2020 |
| സെറിൻ.പി.ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 11-06-2020 | 30-06-2020 |
| ബിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,അഡീഷണൽ ചാർജ് | 01-07-2020 | 07-07-2020 |
| രമ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-07-2020 | 07-10-2020 |
| സിനി കെ.എസ് | ഡയറി എക്സ്റ്റൻഷൻ | 09-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| നൗഷാദ്.പി.എ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| കൊച്ചുത്രേസ്യ ഇ.കെ | സെക്രട്ടറി ഇൻ ചാർജ്ജ് | 05-03-2021 | 31-03-2021 |
| സിന്ധു.പി.പി | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2020 | 17-06-2020 |
| സിനി റോസ് ആൻഡ്രൂസ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 18-06-2020 | 12-10-2020 |
| ചിപ്പി ഖാദർ | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 13-10-2020 | 31-03-2021 |
| താജു.പി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 11-05-2020 |
| കൊച്ചുത്രേസ്യ.ഇ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 12-05-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sijo Thomas (Auditor, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sijo Thomas (Auditor, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Siju P. Damson (Asst. Audit Officer, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindhu (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-9 |
| 10 | വാർഷികകണക്കിനൊപ്പം സമർപ്പിക്കാത്ത പത്രികകൾ<br>Written By: Sijo Thomas (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 28-04-2022) | 1-10 |
| 11 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല<br>Written By: Sijo Thomas (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-11 |
| 12 | വസ്തു നികുതി (റെസിഡെൻഷ്യൽ)-ഡിസിബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-12 |
| 13 | വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ)- ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-13 |
| 14 | വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-14 |
| 15 | വസ്തു നികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-15 |

| | | |
|---|---|---|
| 16 | വസ്തു നികുതി-ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക- ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-16 |
| 17 | വസ്തു നികുതി -ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-17 |
| 18 | വസ്തു നികുതി മുൻകൂർ തുക- സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-18 |
| 19 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-19 |
| 20 | രേഖകളില്ലാതെ തുക വരുമാനമായും ചെലവായും ക്രമീകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-20 |
| 21 | ജേണൽ എൻട്രികൾക്കുള്ള വൌച്ചർ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-21 |
| 22 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-22 |
| 23 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ളതും തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കുന്നതുമായ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-24 |
| 25 | കിട്ടാൻ സാധ്യത കുറഞ്ഞ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-25 |
| 26 | മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-26 |
| 27 | വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-27 |
| 28 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-28 |
| 29 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി- ചെലവായി ഉൾപ്പെടുത്തി<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-29 |
| 30 | മൊബൈൽ ടെലഫോൺ ടവർ സ്ഥാപനങ്ങൾ വസ്തു നികുതിയിൽ കുടിശ്ശിക വരുത്തുന്നു<br>Written By: Bindhu (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-30 |
| 31 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ-നിശ്ചിത മാതൃകയിൽ | 1-31 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല<br>Written By: Bindhu (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | |
| 32 | തൊഴിൽ നികുതി അപാകതകൾ<br>Written By: Bindhu (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-32 |
| 33 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-33 |
| 34 | റേഷൻ കട,കള്ള് ഷാപ്പ്,ക്ഷീര സഹകരണ സംഘം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-34 |
| 35 | പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Sijo Thomas (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-35 |
| 36 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ<br>Written By: Sijo Thomas (Auditor, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-05-2022) | 1-36 |
| 37 | വാടക പിരിവ് - അപാകതകൾ<br>Written By: Sijo Thomas (Auditor, On 03-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-37 |
| 38 | തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ 69850 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 12-05-2022) | 1-38 |
| 39 | ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്തില്ല<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-39 |
| 40 | തെരുവുവിളക്ക് പരിപാലനം- അവ്യക്തമായ BOQ -ടെണ്ടർ നടപടികളിലെ അപാകതകൾ-<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 12-05-2022) | 1-40 |
| 41 | ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ്‌സിപി വിഹിതം കുറവ് ചെയ്യുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-41 |
| 42 | അഗതിരഹിത കേരളം പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമതയില്ല<br>Written By: Bita.T.S (Audit Officer (HG), On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-42 |
| 43 | അനുയോജ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ബഡ്സ് സ്കൂളിലേക്ക് പർച്ചേസ് നടത്തിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാതെ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-43 |
| 44 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-44 |

| | | |
|---|---|---|
| 45 | തോടുകളിൽ നിന്നും നീക്കം ചെയ്ത മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-ലേലം നടത്തിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-45 |
| 46 | ബ്ലാങ്ങാച്ചാൽ അറപ്പത്തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് - പുനർലേലം നടത്തി തുക മുതൽക്കൂട്ടേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-46 |
| 47 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 03-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-47 |
| 48 | പ്രൈസ് സോഫ്റ്റ്‌വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-48 |
| 49 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-49 |
| 50 | ജി.എസ്.ടി<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-50 |
| 51 | ക്വാറി മക്ക് വില -പൊതുമരാമത്ത്, എൻ.ആർ.ഇ.ജി.എസ്.നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-51 |
| 52 | തൊഴിലുറപ്പുപദ്ധതി<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-04-2022) | 1-52 |
| 53 | കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-53 |
| 54 | കന്നുകുട്ടി പരിപാലനം-പദ്ധതി വിട്ടുപോയവരുടെ -വിഹിതം തിരിച്ചടക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-54 |
| 55 | മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ-117518.50 രൂപയുടെ മരുന്ന് കുറവുള്ളതായി വകുപ്പുതല അന്വേഷണ റിപ്പോർട്ട്<br>Written By: P.A.Sivan (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-55 |
| 56 | അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം-സർക്കാർ ഉത്തരവുകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-56 |
| 57 | ഐ.സി.ഡി.എസ് നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ - പൊതു അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 09-05-2022) | 1-57 |
| 58 | അങ്കണവാടി പോഷകാഹാരം - പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ , സ്റ്റോക്ക് രജിസ്റ്റർ സഹിതം പൂർണ്ണമാക്കി ലഭ്യമാക്കുന്നതു വരെ ചെലവുതുക 4950000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 12-03-2022) | 1-58 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 09-05-2022) | |
| 59 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 12-03-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 1-59 |
| 60 | കാർഷിക പ്രൊജക്ടുകൾ-ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 12-03-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 1-60 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ-69850 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 01-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 30-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Siju P. Damson (Asst. Audit Officer, On 28-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 09-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 02-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 18-05-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 18.02.2021,1(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 467409928 | 464988570 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 20.01.2021 2(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 281819483 | 278916775 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 09-11-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32290099 |
| വരവ് | 149708461 |
| ആകെ | 181998560 |
| ചെലവ് | 152566905 |
| നീക്കിയിരിപ്പ് | 29431655 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 33326073 | 33326073 | 30738456 | 2587617 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7294862 | 7294862 | 6551610 | 743252 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 161000 | 161000 | 41250 | 119750 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21255000 | 21255000 | 16652126 | 4602874 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7250911 | 7250911 | 4526138 | 2724773 |
| സെൻട്രൽ ഫിനാൻസ് | 0 | 9910000 | 9910000 | 3342292 | 6567708 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് ,Tied (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് , Un Tied (ACR പ്രകാരം) | 0 | 18366672 | 18366672 | 14395478 | 3971194 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 264 | 17,29,01,375 | 150 | 78372724 | 61 | 53 | 56.8 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1590013 | 1590013 | 1590013 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42752487 | 42752487 | 42752487 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5718700 | 394 |
| വിധവാപെൻഷൻ | 30513100 | 2149 |
| വാർദ്ധക്യകാലപെൻഷൻ | 43804100 | 3285 |
| വികലാംഗപെൻഷൻ | 9665500 | 664 |
| അവിവാഹിത പെൻഷൻ | 1082000 | 71 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.21ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2413/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകളും രേഖകളും ഏറെക്കുറെ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. കോവിഡ് സാഹചര്യം ഉണ്ടായിട്ടുകൂടി പദ്ധതി പ്രവർത്തനപുരോഗതിയെ ബാധിക്കാത്തത് ശ്രദ്ധേയമായ കാര്യമാണ്. പദ്ധതിപ്രവർത്തനങ്ങളുടെ മോണിറ്ററിങ് റിപ്പോർട്ട് പ്രൊജക്റ്റ് ഫയലിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളത് പ്രത്യേക പരാമർശമർഹിക്കുന്നു. വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ ആയത് രേഖപ്പെടുത്തി ആധികാരികമാക്കുന്ന കാര്യം കൂടി ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചുള്ള ചർച്ചകൾ ഇനിയും പ്രാബല്യത്തിലായിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനെപ്പറ്റിയും സാംഖ്യ-

സഞ്ചയ സോഫ്റ്റ്‌വെയർ അപാകതകൾ പരിഹരിക്കുന്ന കാര്യത്തിനും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടിൽ നിലവിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചാൽ തന്നെ അത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ നേട്ടമായി കണക്കാക്കാവുന്നതിനാൽ ആയതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുവാൻ പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെ വീടുകളുടെ എക്സ്റ്റെൻഷൻ പ്രവൃത്തികൾ നടത്തുന്നതിനാൽ കെട്ടിടനികുതി വരുമാനത്തിൽ ചോർച്ചയുള്ളതായി ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശിച്ചിട്ടുണ്ട്.

വരവ് ചെലവിനങ്ങളിലും പദ്ധതി പ്രവർത്തനങ്ങളിലുമുള്ള അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലും ചെലവിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം മൂന്നാം ഭാഗത്തിലും അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-10 വാർഷികകണക്കിനൊപ്പം സമർപ്പിക്കാത്ത പത്രികകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 41 തീ 26/11/21)

## 1-11 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28,58,444 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 42,95,610 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-12 വസ്തു നികുതി (റെസിഡെൻഷ്യൽ)-ഡിസിബി പത്രിക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3500755 | 2890246 | 52051 | 584120 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3500755 | 2870999 | 43662 | *584120 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | ( 350410101- Advance Collection- PT On Res. | *( 614181/105X100) = 584934 (ബാലൻസ്ഷീറ്റ് |

| | | | | |
|---|---|---|---|---|
| | | ആർ.പി-43) | Bldg-ന്റെ ലെഡ്ജർ) | ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. മുൻകൂർ ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി (നോൺ റെസിഡെൻഷ്യൽ)- ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

നോൺ – റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3110522 | 2683202 | 24702 | 415253 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3110522 | 2640261 | 30,000 | *415253 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 436787/105X100) = 415988<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. മുൻകൂർ ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 335460 | 161101 | 174657 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *335460 | 160645 | **174657 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (171747+188109= 359856/105*100) =342720 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)(183964/105X100)=175204 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. മുൻകൂർ തുക 456 രൂപ വാർഷികകണക്ക് പ്രകാരം കുടിശ്ശിക തുകയിലേക്ക് ക്രമീകരിച്ചതായി കാണുന്നു. (വൗച്ചർ നമ്പർ 42000383 തീ 31/3/21 മുൻകൂർ തുക എപ്രകാരമാണ് കുടിശ്ശിക തുകയിലേക്ക് ക്രമീകരിക്കുന്നത് എന്ന് വ്യക്തമല്ല.)

## 1-15 വസ്തു നികുതി-നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 311731 | 170837 | 141617 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 368312 | 170837 | 141617 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(144951+241777= 386728/105*100)=368312 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(154546/105X100)= 147187, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് വ്യത്യാസപ്പെട്ടിരിക്കുന്നു, മാത്രമല്ല "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തു നികുതി-ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക- ഡിസിബി പത്രികയും

വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 25670 | 495382 |
| 2 | 350410104 -Advance Collection Of Revenues -Property Tax On Non-Residential Building | 4274 | 126288 |

## 1-17 വസ്തു നികുതി -ഡിമാന്റ് എൻട്രി യഥാസമയം രേഖപ്പെടുത്തുന്നില്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (ജനുവരി, മാർച്ച് മാസങ്ങളിൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി മുൻകൂർ തുക- സാങ്കല്പികമായി വർദ്ധിപ്പിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property | 39432 | 44118 (തൻവർഷം 43662 + കുടിശ്ശികയിലേക്ക് 456) |

| | | | |
|---|---|---|---|
| | Tax On Residential Building | | |

## 1-19 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 179172 | 17852 | 197024 | 147149 | 8248 | 155397 | 2866 | | 30061 | 9307 | 40757 |
| | നോൺ-റെസിഡൻഷ്യൽ | 164811 | 22227 | 187038 | 134987 | 8575 | 143562 | 1254 | | 21534 | 12929 | 34804 |
| | ആകെ | | | 384062 | | | 298959 | | | 75561 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 384111 | | | 298959 | | | | 298959 | 73831 | | |
| | | 40128+343983 =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. മുന്നിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

2. നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

3. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-20 രേഖകളില്ലാതെ തുക വരുമാനമായും ചെലവായും ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 26312 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 61806 |
| 280200101-Prior Period Income-Rent From Building | 10000 |
| 280800601- Prior Period-Revenue Grants And Contribution | 31409 |
| 280800701-Prior Period- Misc.Expenses | (253735) |

## 1-21 ജേണൽ എൻട്രികൾക്കുള്ള വൌച്ചർ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 73,27,424 രൂപ നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സെക്രട്ടറി ഭൗതിക പരിശോധന നടത്തുന്ന വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-23 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ളതും തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കുന്നതുമായ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കും വാർഷികകണക്കും ചുവടെ ചേർക്കുന്നു

| | തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്ക് പ്രകാരം | വാർഷികകണക്ക് പ്രകാരം |
|---|---|---|
| റവന്യൂ ചെലവ് | 44327294 | 44342500 |
| പഞ്ചായത്തിന് ആസ്തി | 1099983* | --- |
| ആകെ | 45427277 | 44342500 |

| ക്രമ.നം | പഞ്ചായത്തിന് ആസ്തികൾ -*പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1. | അങ്കണവാടി പരിസരം റോഡ് കോൺക്രീറ്റിംഗ് | 242430 |
| 2. | വാർഡ് 10-കോളനി റോഡ് കോൺക്രീറ്റിംഗ് | 261060 |
| 3. | വാർഡ് 13-റോഡ് കോൺക്രീറ്റിംഗ് | 182175 |
| 4. | വാർഡ് 18-വാകച്ചാൽ റോഡ്-റോഡ് കോൺക്രീറ്റിംഗ് | 250351 |
| 5. | വാർഡ് 20-ഒരുമ റോഡ് കോൺക്രീറ്റിംഗ് | 98280 |
| 6. | വാർഡ് 1 ഗ്രാമീണ റോഡ് നിർമാണം | 11840 |
| 7. | വാർഡ് 23-അങ്കണവാടിയിലേക്ക് ഗ്രാമീണ റോഡ് നിർമാണം | 4144 |
| 8. | വാർഡ് 3-പടിയൻ കോളനി ഗ്രാമീണ റോഡ് നിർമാണം | 5328 |
| 9. | വാർഡ് 7-വില്ലേജ് പരിസരം ഗ്രാമീണ റോഡ് നിർമാണം | 5895 |
| 10. | വാർഡ്12-കൊട്ടിക്കൽ ക്ഷേത്രത്തിന് വടക്ക് വശം – ഗ്രാമീണ റോഡ് നിർമാണം | 11840 |
| 11 | വാർഡ് 17-ആളുപറമ്പിൽ അമ്പലം പരിസരം ഗ്രാമീണ റോഡ് നിർമാണം | 7104 |
| 12 | വാർഡ്22-ഭാരത് വനിത വ്യവസായ സംഘം -ഗ്രാമീണ റോഡ് നിർമാണം | 19536 |
| | ആകെ | 1099983 |

ബാലൻസ്ഷീറ്റിൽ 10,99,983 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 2020-21 ൽ ആസ്തി നിർമാണത്തിന് ചെലവായ 10,99,983 രൂപ ചേർക്കാതിരുന്നത് 2021-22 വർഷത്തിൽ അതാത് ആസ്തി/Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 കിട്ടാൻ സാധ്യത കുറഞ്ഞ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടിശ്ശിക തുകയിൽ വ്യത്യാസമുണ്ടെങ്കിലും 31/3/20 ലെ ബാലൻസ്ഷീറ്റിലെ അതേ തുകതന്നെ Accumalated Provision എന്ന ശീർഷകത്തിൽ ഉൾപ്പെട്ടു. (കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും വർഷം തിരിച്ചുള്ള കുടിശ്ശിക കണക്കുകൾ ലഭ്യമല്ലാത്തതിനാലും 2 വർഷത്തിൽ താഴെയുള്ള കുടിശ്ശിക തുകയാണോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.)

## 1-26 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 159440 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 74100 |

## 1-27 വരവ് രജിസ്റ്ററുകൾ- വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

## 1-28 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് പ്രകാരം 2,92,31,942 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-29 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി- ചെലവായി ഉൾപ്പെടുത്തി

| പ്രോജക്റ്റ് നമ്പർ | ചെക്ക് നമ്പർ | തീയ്യതി | തുക | ചെലവ് വിവരം | വൗച്ചർ | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|---|
| 134-ജി യു പി എസ് - താത്കാലിക കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ | JM 400661 | 15/3/21 | 101416 (ഗ്രോസ് തുക-105172 രൂപ ) | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നിർവ്വഹിച്ചതിന് കരാറുകാരന് നല്കിയ തുക | 22001390 | 252100201- Energy - Other Electrification Programs- General |
| | 1646869 | 29/9/21 | 4002 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് പിഡബ്ലിയു ഇലക്ട്രിക്കൽ വിഭാഗത്തിന് നല്കിയത് | 22000561 | 252300101 - Public Buildings- General |

മേൽ പ്രോജക്റ്റ് പ്രകാരം ഒരേ പ്രവൃത്തിക്ക് ചെലവായ തുകകൾ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ വ്യത്യസ്ത ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തി. ആയത് കെട്ടിടത്തിന്റെ സൗകര്യം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയായതിനാൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതാണ്. 2021-22 വർഷത്തിൽ ഈ തുക ആസ്തിയായി ക്രമീകരിക്കേണ്ടതാണ്.

## 1-30 മൊബൈൽ ടെലഫോൺ ടവർ സ്ഥാപനങ്ങൾ വസ്തു നികുതിയിൽ കുടിശ്ശിക വരുത്തുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ താഴെ തന്നിരിക്കുന്ന മൊബൈൽ ടെലഫോൺ ടവർ സ്ഥാപനങ്ങൾ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വസ്തു നികുതിയിൽ കുടിശ്ശിക വരുത്തിയതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | അർദ്ധ വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|---|---|
| 1. | 7/195 | അബ്ദുൾ ലത്തീഫ്, പടിയത്ത്,കർക്കിടവള്ളിയിൽ | 2019-20 | II | 4725*3 | 14175 |
| | | | 2020-21 | I,II | | |
| 2. | 8/235 | അബ്ദുൾ റഹിം ഹാജി, പടിയത്ത് മണപ്പാട്ട് | 2019-20 | I,II | 2887.50*4 | 11550 |
| | | | 2020-21 | I,II | | |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 26.11.2021 ലെ ഓഡിറ്റ് അന്വേഷണം നം.22/19-20,20-21 നൽകിയതിന് പ്രസ്തുത വ്യക്തികളിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-31 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ-നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല

2019-20, 2020-21 സാമ്പത്തികവർഷങ്ങളിലെ ഓഡിറ്റിനായി നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ ഹാജരാക്കിയിരുന്നുവെങ്കിലും ആയത് നിശ്ചിത മാതൃകയിൽ ഉള്ളതല്ല. ആയതിനാൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ചും, ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സംബന്ധിച്ചും ചുവടെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച് പ്രത്യേക കെട്ടിടം നമ്പർ നൽകി ഫോറം 10 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

2. സർക്കുലർ നം.29342/ആർഎ1/2014/തസ്വഭവ തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും, ടി വിവരം സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം വിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും,

സെക്രട്ടറി എല്ലാ മാസവും രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്.
3. പ്രസ്തുത രജിസ്റ്ററിന്റെ മാതൃക സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-32 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

I. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | അച്യുത് ഫുഡ്സ് | 3 |
| 2. | ആമിന കോട്ടൺ സ്റ്റോർ | 4 |
| 3. | AFCO ഹൈപ്പർ മാർക്കറ്റ്, പേ ബസാർ | 8 |
| 4. | BEST FAMILY RESTAURANT | 3 |
| 5. | O S TRADING | 3 |
| 6. | ലിസ്പാനിയ മാടസ്സ്, എറിയാട് | 6 |
| 7. | റാണി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ്, അഴീക്കോട് | 3 |
| 8. | G F ICE FACTORY, അഴീക്കോട് | 3 |
| 9. | ബ്രദേഴ്സ് ബേക്കറി | 5 |
| 10. | കെൻസോ അപോൾസ്റ്ററി | 3 |
| 11. | അൽമാസ് സ്റ്റീൽ ആൻഡ് ഗ്രാനൈറ്റ്സ്, അഴീക്കോട് | 3 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.37/20-21 തീയതി:26.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, സ്ഥാപന മേധാവി സമർപ്പിച്ചിരിക്കുന്ന റിട്ടേൺ എന്നിവ പരിശോധിച്ചപ്പോൾ ചുവടെ പട്ടികയിൽ പറഞ്ഞിരിക്കുന്ന ജീവനക്കാരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് | 6 മാസത്തെ ശമ്പളം | ഈടാക്കിയത് | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|---|
| HUPS POYILINGAPARAMBA | 2020-21 | I | ആദിൽ മജീദ് M.M | 127002 | 1000 | 1250 |
| ശ്രീനാരായണ ധർമസഭ | 2020-21 | II | ഭാസ്ക്കരൻ | 130400 | 1000 | 1250 |
| | | | അഭിലാഷ് | 130400 | 1000 | 1250 |

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.44/20-21 തീയതി:27.11.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

III. <u>കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

എറിയാട് പഞ്ചായത്ത് പരിധിയിൽ ആകെ എത്ര അംഗീകൃത കോൺട്രാക്ടർമാരുണ്ട്, ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതിന് 22/11/2021 ലെ ഓഡിറ്റ് എൻക്വയറി നം.8/20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ആകെ 24 അംഗീകൃത കോൺട്രാക്ടർമാരുണ്ടെന്നും ഈ വ്യക്തികളിൽ നിന്നും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും ഈ വർഷം മുതൽ ഈടാക്കാമെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

എറിയാട് ഗ്രാമപഞ്ചായത്തിലെ അംഗീകൃത കോൺട്രാക്ടർമാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. സിജിൽകുമാർ.ഇ.ജി.
2. അസർ.കെ.എ.
3. സിദ്ധാർത്ഥൻ.സി.വി.
4. ഷിഹാബ്.കെ.എ.
5. ടിൻസി ക്ലീറ്റസ്
6. ആഷിഫ്.കെ.എ.
7. അബ്ദുൾ ജലീൽ.സി.എ.
8. സാബിക്ക്.വി.എ.
9. അലി മുഹമ്മദ്.ഇ.ഐ.
10. ആഷിക്ക്
11. അഷറഫ്.കെ.എം.
12. നന്ദകുമാർ
13. മുഹമ്മദ് റാഫി.പി.എച്ച്.
14. സദാനന്ദൻ.എൻ.പി.
15. റിതിൻ ബാബു
16. സബിൽ.എം.എസ്.
17. അനീഷ്.സി.എസ്.
18. അൻകുഷ്
19. രഞ്ജിത്ത്.ടി.
20. സുജിത്ത്.കെ.കെ.
21. ടി. വിശ്വനാഥൻ മേനോൻ
22. രാഘവൻ.പി.കെ.
23. ഹാൻസ്.കെ.എം.
24. ദിൽഷാദ്

മേൽ പരാമർശിച്ച ആകെ 24 കോൺട്രാക്ടർമാരുടെ രണ്ട് സാമ്പത്തിക വർഷങ്ങളിലെ തൊഴിൽ നികുതി കണക്കാക്കിയാൽ.

2500*24*2=120000

ഇപ്രകാരം രണ്ട് വർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ആകെ 120000/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിൽ വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതും, അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും കൃത്യമായി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-33 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി അസസ്സ്മെന്റ് ഫോറം (6) പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കെട്ടിട നമ്പറുകൾ ഫാമുകളായി ഉപയോഗിക്കുന്നതിനാണ് ഉപയോഗക്രമം ചേർത്തിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട ഉടമയുടെ | കെട്ടിട | ഉപയോഗ ക്രമം |
|---|---|---|---|

| നം. | പേര് | നം. | |
|---|---|---|---|
| 1. | ഷിയാസ്, പടിയത്ത്,എറിയാട് | 2/255A | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 2. | ജമീലാബി, പടിയത്ത് മണപ്പാട്ട് | 7/490B | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 3. | അരവിന്ദാക്ഷൻ | 9/96 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 4. | യൂസഫ് സിദ്ധീഖ് | 9/222 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |
| 5. | അശോകിനി | 10/411 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് - ലൈവ് സ്റ്റോക്ക് ഷെഡ് |

പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ ഓഡിറ്റ് അന്വേഷണം മുഖേന നം.27/22.11.21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളിൽ പരിശോധന നടത്തിയെന്നും, ടി കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് നേരിട്ട് ബോധ്യപ്പെട്ടതിനാൽ ലൈസൻസ് എടുക്കണമെന്നാവശ്യപ്പെട്ട് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, ടി വ്യക്തികൾ ലൈസൻസ് എടുക്കുന്ന മുറയ്ക്ക് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-34 റേഷൻ കട,കള്ള് ഷാപ്പ്,ക്ഷീര സഹകരണ സംഘം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും, ക്ഷീര സഹകരണ സംഘങ്ങളും ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്, ആയവക്ക് 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ടോ? ഈ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടോ? എന്നതിന് 22/11/2021 ലെ ഓഡിറ്റ് എൻക്വയറി നം.07/19-20, 20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങിയവക്ക് ലൈസൻസ് എടുപ്പിക്കുന്നതിനായി ഫീൽഡ് തല സന്ദർശനം നടത്തി നോട്ടീസ് നൽകുന്നതിനും, തൊഴിൽ നികുതി ഈടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ മരുന്ന് വാങ്ങൽ - മരുന്ന് മുഴവൻ ലഭ്യമായിട്ടില്ല

പദ്ധതി നം: S0065/21
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പിഎച്ച്സി

മേൽ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 2,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയെങ്കിലും 15.08.2021 തീയതിയിലെ ഇൻവോയ്സ് നം.5219 പ്രകാരം ആകെ 99,402/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയതിനാൽ ബാലൻസ് തുകയ്ക്കുള്ള മരുന്ന് (100598/- രൂപ) ലഭിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ

I. രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ

2019-20 സാമ്പത്തിക വർഷത്തിൽ പുതിയതായി പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യതും, രജിസ്ട്രേഷൻ പുതുക്കിയതുമായ താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 സാമ്പത്തികവർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയതായി കണ്ടില്ല.

1. MHL പാത്കെയർ ലബോറട്ടറി, എറിയാട്
2. ഡോ.മുഹമ്മദ് റഷീദ്, മണപ്പാട്ട്
3. ഡോ.റോൺ ജോർജ്ജ് - ദന്തൽ ക്ലിനിക്ക്, കാര
4. സൈറ ഹോമിയോ ഡിസ്പെൻസറി, മാടവന

ആയതിനാൽ ടി സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതാണോ എന്നതിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം.39:26/11/2021) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

II. പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു
2020-21 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്ററും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ചെയ്തതായി കാണുന്നില്ല.
1. XI/36.B - അഹല്യ ക്ലിനിക്കൽ ലബോറട്ടറി, എറിയാട്
2. IV/9.N – ACURE ACCUPUNCTURE, എറിയാട്

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം.47/20-21 തീയതി 27/11/2021) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 വാടക പിരിവ് - അപാകതകൾ

2020-21 വർഷത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2020-21-ലെ ഡി.സി.ബി. പ്രകാരമുള്ള കറന്റ് കളക്ഷനും വാർഷിക കണക്കിലെ RP43 പ്രകാരമുള്ള കറന്റ് കളക്ഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ ബാലൻസ് വാർഷിക കണക്കും ഡി.സി.ബി.യും പൊരുത്തപ്പെടുന്നു. ആയതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 29/26/11/21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതു പരിശോധിക്കേണ്ടതാണ്.

## 1-38 തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ 69850 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ തുക | ആദായ നികുതി 1% TDS കഴിച്ചുള്ള തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ (തനത് ഫണ്ട് ടി ഡി സി ബി) | തീയ്യതി |
|---|---|---|---|---|---|
| 12-തെരുവുവിളക്കുകളുടെ പരിപാലനം | 1,27,065 | 1,25,794 | 21900944 | 010065 | 18/12/19 |
| | 1,81,930 | 1,80,110 | 21901092 | 010120 | 17/1/20 |
| 298-21 തെരുവുവിളക്ക് പരിപാലനം | 1,10,915 | 1,09,805 | 21901430 | 010977 | 17/3/20 |
| | 70,000 | 69,300 | 22000414 | 012773 | 12/8/20 |
| | 59,665 | 59,674 | 21900597 | 8768 | 11/10/20 |
| ആകെ | 5,49,575 | | | | |

തകരാറുള്ള തെരുവുവിളക്കുകളുടെ സാധനങ്ങളുടെ സപ്ലൈയും മെയിന്റനൻസും ഉൾപ്പെടെയുള്ള വാർഷിക മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.നിഖിൽ കുമാർ കെ എൻ എന്നവരുമായി 2/9/19 ൽ കരാറിലേർപ്പെടുകയും ചെയ്തു. ഓരോ വാർഡിലും മെയിന്റനൻസ് നടത്തിയതിന്റെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ, മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ക്രോഡീകരിച്ച് ആകെ റിപ്പയർ ചെയ്തവയുടെ എണ്ണം കണക്കാക്കി 2019-20, 2020-21എന്നീ വർഷങ്ങളിലായി, 4 തവണയായി കരാറുകാരന് തുക നല്കിയിട്ടുണ്ട്. പദ്ധതിയുടെ രേഖകൾ സൂക്ഷിക്കുന്നതിലും കരാറുകാരന് തുകനൽകിയതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

തെരുവുവിളക്കുകൾ മാറ്റിയതിന്റെയും തുക നല്കിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| | കരാറിൽ ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതായി ചേർത്തിരിക്കുന്ന എണ്ണം | 3.7.19 ലെ സംയുക്ത പരിശോധന പ്രകാരമുള്ള കണക്ക് (തെരുവു വിളക്ക് രജിസ്റ്റർ പേജ് 25) | കരാറുകാരൻ 4 ബില്ലുകളിലായി റിപ്പയർ ചെയ്തവയുടെ എണ്ണം. | | | | ആകെ | സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടതിനേക്കാൾ കൂടുതൽ റിപ്പയർ ചെയ്തത് | നിരക്ക് | തുക |
|---|---|---|---|---|---|---|---|---|---|---|
| | | | 2019-20 | | | 2020-21 | | | | |
| | | | 1 | 2 | 3 | 4 | | | | |
| എൽ ഇ ഡി | 128 | 79 | 281 | 347 | 162 | 202 | 992 | 913 | 320 | 3,17,440 |
| സിംഗിൾ ട്യൂബ് | 435 | 409 | 99 | 123 | 110 | 115 | 447 | 38 | 255 | 1,13,985 |
| ഡബ്ബിൾ ട്യൂബ് | 443 | 417 | 28 | 93 | 73 | 84 | 278 | ഇല്ല | 425 | 1,18,150 |
| സി എഫ് എൽ | 443 | 725 | | | | - | | | | |
| സോഡിയം വേപ്പർ | 8 | 3 | - | | | | | | | |
| ഹൈമാസ്റ്റ് | | 8 | | | | | | | | |
| മറ്റുള്ളവ | | 15 | | | | | | | | |
| ആകെ | | | | | | | | | | 5,49,575 |

1.തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതായി പരാമർശിച്ചിട്ടുള്ളതിനേക്കാൾ 913 എൽ ഇ ഡിയും 38 സിംഗിൾ റ്റ്യൂബും 139 ഡബ്ബിൾ ട്യൂബും കൂടുതൽ എണ്ണം റിപ്പയർ ചെയ്തതിന് തുക നല്കിയതായി കാണുന്നു. ഇപ്രകാരം ഒരു വർഷത്തെ കരാർ കാലയളവിൽ ഒരേ തെരുവുവിളക്ക് മാറ്റുന്നതിന് ഒന്നിൽ അധികം തവണ തുക നല്കിയതായി വ്യക്തമാണ്. തുക നല്കുന്നതിന് മുമ്പ് എണ്ണം സംബന്ധിക്കുന്ന വിവരങ്ങളുടെ കൃത്യത പരിശോധിക്കപ്പെട്ടില്ല .

മുൻവർഷങ്ങളിലെ സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചതിനാലും പ്രളയം, ഇടിവെട്ട് ഉടങ്ങിയ കാലവസ്ഥ ഘടകങ്ങളും തെരുവുവിളക്കുകൾ കൂടുതലായി മാറ്റുന്നതിന് കാരണമായി എന്നും ഭൂരിഭാഗം തെരുവുവിളക്കുകളും എൽ ഇ ഡി ആക്കി മാറ്റിയെന്നും ഇതിനാലാണ് കൂടുതൽ വിളക്കുകൾ മാറ്റിയിടേണ്ടി വന്നത് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിരിക്കുന്നു. മുൻവർഷങ്ങളിലെ സ്ട്രീറ്റ് മെയിൻ വലിച്ചതിന് പ്രോജക്റ്റ് 21 പ്രകാരം തെരുവുവിളക്കുകൾ വാങ്ങിയിട്ടുള്ളതാണെന്ന് ആ പ്രോജക്റ്റിനെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുള്ളതാണ്. മാത്രമല്ല കാലാവസ്ഥ ഘടകം മൂലം കരാറിന് പുറത്ത് അധികം വിളക്കുകൾ റിപ്പയർ ചെയ്യേണ്ടി വരുന്നത് സംബന്ധിച്ച് ഭരണസമിതി ചർച്ചയുടെ വിവരങ്ങളോ തീരുമാനമോ കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയോ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല, ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം സമർപ്പിക്കുകയും ചെയ്തില്ല.ആയതിനാൽ മറുപടി പൂർണമായും അംഗീകരിക്കാനാവില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് 25 പ്രകാരം 3.7.19 ൽ നടത്തിയ സംയുക്ത പരിശോധന പ്രളയത്തിന് ശേഷം നടത്തിയിട്ടുള്ളതാണെന്നും വ്യക്തമാണ്. സിഎഫ്എൽ വിളക്കുകൾ എൽ ഇ ഡി യാക്കി മാറ്റി എന്ന മറുപടി പരിഗണിച്ചാലും എൽ ഇ ഡി വിളക്കുകൾ കൂടുതലായി മാറ്റി എന്നു കാണാം.

സി.എഫ്.എല്ലും എൽ.ഇ.ഡിയും കൂടി ആകെ 804 എണ്ണമേവരൂ. (725 +79). എന്നാൽ എൽ.ഇ.ഡി റിപ്പയർ ചെയ്തത് 992 എണ്ണമാണ്. അതായത് സി.എഫ്.എൽ ന് പകരം എൽ.ഇ.ഡി മാറ്റിയെന്ന വാദം കണക്കിലെടുത്താലും 188 എണ്ണം കൂടുതലായി മാറ്റിയിട്ടുണ്ട്. (992- 804)

ആകെ കൂടുതൽ എൽ ഇ ഡി മാറ്റിയത് – 188 എണ്ണം (992-804) (2020-21 ലെ 202 എണ്ണത്തിൽ 188 എണ്ണം )

കൂടുതലായി സിംഗിൾ ട്യൂബ് മാറ്റിയത്- 38 എണ്ണം (2020-21 ലെ 115 എണ്ണത്തിൽ 38 എണ്ണം)

കൂടുതലായി നല്കിയ എണ്ണം പരിഗണിക്കാവുന്നത് അവസാനം നല്കിയ തുകയിലാണ്. റീടെൻഷൻ തുക പിടിച്ചിട്ടില്ലാത്തതാകുന്നു.അവസാനത്തെ ബില്ല് നല്കുന്ന സമയത്ത് ആകെ തെരുവുവിളക്കുകളുടെ എണ്ണത്തിനനുസരിച്ച് തുക പരിമിതപ്പെടുത്തിയില്ല.

2020-21 ൽ കൂടുതലായി നല്കിയ തുക താഴെ ചേർക്കും പ്രകാരമാണ്.

എൽ ഇ ഡി -188 എണ്ണം @ 320 രൂപ = 60,160

സിംഗിൾ ട്യൂബ് -38 എണ്ണം@ 255 രൂപ = 9,690

ആകെ = 69850 രൂപ

ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൂടുതൽ തുക തെറ്റായി നല്കിയ നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2.സർക്കുലർ നമ്പർ 18/19/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവരിൽ നിന്നാണ് ടെണ്ടറുകൾ ക്ഷണിക്കേണ്ടത്. ശ്രീ നിഖിൽകുമാറിന് ജിഎസ് ടി രജിസ്ട്രേഷൻ ഉണ്ടെങ്കിലും ജിഎസ് ടി നിയമം 2017 വകുപ്പ് 31(2) പ്രകാരമുള്ള ഇൻവോയ്സ് പഞ്ചായത്തിന് നല്കിയിട്ടില്ല. കരാർ പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നല്കിയപ്പോൾ കരാറുകാരനിൽ നിന്ന് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## 1-39 ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്തില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | തുക | ചെക്ക് നമ്പർ | തീയ്യതി | വൗച്ചർ | ഇനം |
|---|---|---|---|---|---|
| 327-ജിയോ ബാഗ് വാങ്ങൽ | 79,500 | 014136 | 5/11/20 | 22000800 | ഹൊറൈസൺ 71 തീ 17/9/20 നമ്പർ ഇൻവോയ്സ് |
| | 3,44,372 | 014144 | 9/11/2020 | 22000808 | R.Baiju PWD Contractor, ഇൻവോയ്സ് നമ്പർ 1 തീ 8/10/20 |
| | 4,23,872 | | | | |

കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ജിയോ ബാഗ് വാങ്ങിയതിൽ, ശ്രീ ആർ ബൈജു നല്കിയ ബിൽ പ്രകാരം 291,840 രൂപ Non Woven Poly Propylene Bags നും 18% (9%SGST+9%CGST) ജി എസ് ടി യും ഇപ്രകാരം ആകെ 3,44,372 രൂപയും പഞ്ചായത്തിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. ജിഎസ് ടി നിയമം 2017, വകുപ്പ് 51 പ്രകാരം 2,50,000 രൂപയിൽ അധികം അധികരിക്കുന്ന സപ്ലൈയുടെ കരാർ പ്രകാരം തുക നല്കുമ്പോൾ 2% (1%SGST+1%CGST) ജി എസ് ടി കുറവ് ചെയ്തില്ല. അപ്രകാരം കുറവ് ചെയ്ത് റിട്ടേൺ സമർപ്പിച്ച് ജി എസ് ടി തുക സപ്ലെയർ കേന്ദ്ര സംസ്ഥാന സർക്കാരിലേക്ക് അടവാക്കി എന്ന് ഉറപ്പാക്കിയില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## 1-40 തെരുവ്വിളക്ക് പരിപാലനം- അവ്യക്തമായ BOQ -ടെണ്ടർ നടപടികളിലെ അപാകതകൾ-

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | തുക | ട്രഷറി ബിൽ നമ്പർ | തീയ്യതി | വൗച്ചർ |
|---|---|---|---|---|
| 19-തെരുവ്വിളക്ക് പരിപാലനം | 1,24,825<br>3,12,725<br>4,37,750 | ട്രഷറി ബിൽ ബുക്ക് ലഭ്യമാക്കിയിട്ടില്ല | 10/3/21<br>20/1/21 | 22001506<br>22001218 |

തെരുവ്വിളക്കുകളുടെ സാധന സാമഗ്രികളുടെ സപ്ലൈ ഉൾപ്പെടുയുള്ള റിപ്പയറിന് ഇ ടെണ്ടർ മുഖേന സപ്ലൈയറെ കണ്ടെത്തി കരാറിലേർപ്പെടുകയാണ് ചെയ്തത്. ടെണ്ടർ നോട്ടീസ് പ്രകാരം സിംഗിൾ റ്റ്യൂബ്, ഡബ്ബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സിഎഫ്എൽ/എൽ ഇഡി എന്നിവയുടെ പരിപാലനത്തിനാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. എണ്ണം നോട്ടീസിൽ പരാമർശിച്ചിട്ടില്ല. 10/8/20 ന് ഇ ടെണ്ടർ ക്ഷണിച്ചെങ്കിലും (Tender ID 2020_DP_376611_1) ആരും

പങ്കെടുത്തില്ല. (ആയതിന്റെ Bill Of Quantity ഫയലിൽ ലഭ്യമല്ല. കാലാവധി കഴിഞ്ഞതിനാൽ ഇ ടെണ്ടർ സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാനായിട്ടില്ല.). തുടർന്ന് 8/9/20ന് റീ ഇടെണ്ടർ ചെയ്തു. ആയതിന്റെ താരതമ്യ പത്രിക സൈറ്റിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. PDF ഫോർമാറ്റിൽ തയ്യാറാക്കി ഇ ടെണ്ടർ സൈറ്റിൽ അപ്‌ലോഡ് ചെയ്ത ടെണ്ടർ നോട്ടീസിൽ ടെണ്ടർ ക്ഷണിക്കുന്ന ഇനങ്ങൾ പരാമർശിച്ചിട്ടുണ്ടെങ്കിലും റിപ്പയർ ചെയ്യേണ്ടി വരാവുന്ന പരമാവധി വിളക്കുകളുടെ എണ്ണം പരാർശിച്ചിട്ടില്ല.

2. ഇ ടെണ്ടർ സൈറ്റിൽ നിരക്ക് ക്വാട്ട് ചെയ്യുന്നത് Bill Of Quantity (BOQ) യിൽ ഓരോ ഇനത്തിന് നേരെയുമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ഇനങ്ങൾക്ക് നേരെ ക്വാട്ട് ചെയ്യുന്ന നിരക്ക് രേഖപ്പെടുത്തുക എന്നതല്ലാതെ മറ്റ് വിവരങ്ങൾ എഡിറ്റ് ചെയ്യാനോ സാധനങ്ങളുടെ വിവരങ്ങൾ ചേർക്കാനോ സാധിക്കില്ല. BOQ വിൽ നിരക്ക് രേഖപ്പെടുത്തുന്നതിന് ഓരോ ഇനങ്ങളുടെയും വിവരങ്ങൾ പഞ്ചായത്ത് ചേർത്തിട്ടില്ല. BOQ താഴെ പറയും പ്രകാരമാണ് തയ്യാറാക്കിയത്(പ്രസക്തമായ കോളങ്ങൾ മാത്രം ഉൾപ്പടുത്തുന്നു)

| Sl No | Item Description | Quantity | Unit | Estimated Rate | Basic Rate In Figures To Be Entered By The Bidder |
|---|---|---|---|---|---|
| 1 | 2 | 4 | 5 | 6 | 13 |
| 2. | Repair Charge Of Street Lights With Materials | 1.00 | Nos | 0.00 | (Bidder നിരക്ക് ക്വാട്ട് ചെയ്യുന്ന കോളം) |

ഇപ്രകാരം നിരക്ക് രേഖപ്പെടുത്തേണ്ട ഓരോ ഇനം സാധനങ്ങളുടെയും പേര് ചേർക്കാതെ പ്രോജക്റ്റിന്റെ പേര് Item Description നിൽ ചേർത്ത് ടെണ്ടറിൽ പങ്കെടുക്കുന്നവരെ ആശയകുഴപ്പത്തിലാക്കും വിധവും നിരക്ക് കൃത്യമായി രേഖപ്പെടുത്താൻ സാധിക്കാത്ത വിധവുമാണ് BOQ തയ്യാറാക്കിയത്. ഇതിൽ നിന്നും ഏത് ഇനത്തിനാണ്, എത്രയാണ് നിരക്ക് ക്വാട്ട് ചെയ്യേണ്ടത് എന്ന് ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് തീരുമാനിക്കാനാകാതെ വരുന്നു.ആദ്യ ടെണ്ടറിനും ഇതേ BOQ ആയിരുന്നോവെന്ന് വ്യക്തമല്ല.

3. ഫയലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 2 പേരാണ് ടെണ്ടർ സമർപ്പിച്ചത്. ശ്രീ നിഖിൽ കുമാർ 6,96,400 രൂപയ്ക്കും എയർമെക്ക് എയർ കണ്ടീഷണിംഗ് എന്ന സ്ഥാപനം 1500 രൂപയ്ക്കും ആണ് ടെണ്ടർ സമർപ്പിച്ചത്. മേൽ സൂചിപ്പിച്ച പട്ടികയിൽ കോളം 13 ൽ രേഖപ്പെടുത്തിയ തുകയാണ് മേൽ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. "റീ ടെണ്ടർ നിരക്ക് വസ്തുതപരമായി രേഖപ്പെടുത്തിയ നിഖിൽകുമാർ ടെസ്‌ല കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനമാണെന്നും ടെണ്ടർ അപേക്ഷയിൽ സൂചിപ്പിച്ച രീതിയിൽ ഹാർഡ് കോപ്പി സമർപ്പിച്ചിട്ടുള്ളതും ടെസ്‌ല കമ്മ്യൂണിക്കേഷൻ എന്നതിന്റെ അടിസ്ഥാനത്തിൽ " എന്ന് രേഖപ്പെടുത്തി 24.9.20 ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിലെ 1(4) നമ്പർ തീരുമാനം പ്രകാരം ടെസ്‌ല കമ്മ്യൂണിക്കേഷന് കരാർ നല്കുന്നതിന് തീരുമാനിച്ചു. വസ്തുതപരമല്ലാത്ത രീതിയിൽ നിരക്ക് ക്വാട്ട് ചെയ്യാതിരിക്കുന്നതിന് കാരണം BOQ ലെ അപാകതയാണെന്ന് പരിഗണിച്ചില്ല. ഒരു Bidder 1500 രൂപയും മറ്റൊരു Bidder 6,96,400 രൂപയും ക്വാട്ട് ചെയ്തതിലെ അസ്വാഭാവികതയും പഞ്ചായത്ത് പരിഗണിച്ചില്ല.

4. ശ്രീ നിഖിൽ കുമാർ ടെണ്ടർ ഡോക്യുമെന്റ് ഹാർഡ് കോപ്പിയായി സമർപ്പിച്ചപ്പോൾ താഴെ ചേർത്തിരിക്കുന്ന രീതിയിൽ ഒരു പട്ടിക തയ്യാറാക്കി സമർപ്പിച്ചിരുന്നു.

| Sl.no | Item | Qty | Rate | Total |
|---|---|---|---|---|
| 1 | LED Bulb | 1100 | 325 | 357500 |
| 2 | Single Tube | 500 | 500 | 250000 |
| 3 | Double Tube Set | 150 | 550 | 82500 |
| 4 | Sodium Vapor Lamp | 8 | 800 | 6400 |
| Total | | | | 696400 |

ടെണ്ടർ സ്വീകരിച്ച് 29/9/20 ൽ കരാറിൽ ഏർപ്പെട്ടപ്പോൾ കരാറിൽ നിരക്ക് രേഖപ്പെടുത്താതെ 6,96,400 രൂപ എന്ന് അടങ്കൽ തുക രേഖപ്പെടുത്തി. ടെണ്ടർ നോട്ടീസിലോ BOQ ലോ ഇനങ്ങളുടെ എണ്ണം പരാമർശിക്കാതെ ടെണ്ടറിൽ പങ്കെടുത്ത ആൾ ക്വാട്ട് ചെയ്ത എണ്ണത്തിന്റെയും നിരക്കിന്റെയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന തുക കരാർ തുകയായി പഞ്ചായത്ത് അംഗീകരിച്ചു.

5. BOQ ലെ അപാകതമൂലം ടെണ്ടറിൽ പങ്കെടുക്കാൻ സാധ്യതയുള്ളവരുടെ എണ്ണം കുറയുകയും മത്സരാധിഷ്ഠിത നിരക്ക്

ലഭ്യമാകുന്നതിന് തടസ്സമാകുകയും ചെയ്തു. 2019-20 ലും ടെണ്ടർ ലഭിച്ച ശ്രീ നിഖിൽ കുമാർ 2020-21 ൽ വളരെ വ്യത്യാസത്തിലാണ് നിരക്ക് ക്വാട്ട് ചെയ്തത്. സിംഗിൾ ട്യൂബിന് 500 രൂപയും (2019-20 ൽ 255രൂപ) ഡബ്ബിൾ ട്യൂബിന് 550 രൂപ (2019-20 ൽ 425 രൂപ) യുമാണ് ക്വാട്ട് ചെയ്തിരിക്കുന്നത്.

6. സർക്കുലർ നമ്പർ 18/19/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവരിൽ നിന്നാണ് ടെണ്ടറുകൾ ക്ഷണിക്കേണ്ടത്. ശ്രീ നിഖിൽകുമാറിന് ജി എസ് ടി രജിസ്ട്രേഷൻ ഉണ്ടെങ്കിലും ജിഎസ് ടി നിയമം 2017 വകുപ്പ് 31(2) പ്രകാരമുള്ള ഇൻവോയ്സ് പഞ്ചായത്തിന് നല്കിയിട്ടില്ല. കരാർ പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നല്കിയപ്പോൾ കരാറുകാരനിൽ നിന്ന് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.
7. സർക്കാർ ഉത്തരവ് (പി)113/19 തീ 24.7.19 പ്രകാരം സ്റ്റാമ്പ് നിയമം 1959 ന് വരുത്തിയ ഭേദഗതി അനുസരിച്ച് പട്ടിക ക്ര.നം. 5(f) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തിക്കും സർവ്വീസ് ലെവൽ കരാറുകൾക്കും കരാർ തുകയുടെ ഓരോ ആയിരം രൂപയ്ക്കും അതിന്റെ ഭാഗത്തിനും 1 രൂപ സ്റ്റാമ്പ് ആവശ്യമാണ്. (കുറഞ്ഞ തുക 200 പരമാവധി തുക 1,00,000). കരാർ പ്രകാരമുള്ള തുക 6,96,400 രൂപയാണ്. 690 രൂപയുടെ സ്റ്റാമ്പ് പേപ്പറിന് പകരം 500 രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്.
ടെണ്ടർ നടപടികളിലെ രേഖകളുടെ തയ്യാറാക്കലിലും നടപടിക്രമങ്ങളിലും തുക നല്കുന്നതിലും സൂക്ഷ്മത പുലർത്തേണ്ടതുണ്ട് എന്ന വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/2021)

## 1-41 ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ്സിപി വിഹിതം കുറവ് ചെയ്യുന്നു

സർക്കാർ ഉത്തരവ് (സാധാ)43/2020 ധനം തീ 1/1/2021,സർക്കാർ ഉത്തരവ് (സാധാ)4461/2020 ധനം തീ 3/8/20 എന്നിവ പ്രകാരം 36,569 രൂപ വീതം വികസനഫണ്ട് (എസ് സി പി) വിഹിതത്തിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിലേക്ക് കുറവ് ചെയ്തിരിക്കുന്നു. എന്നാൽ എസ് സി വിഭാഗത്തിന് ലൈഫ് പദ്ധതി നടപ്പാക്കുന്നതിന് വായ്പ വിഹിതം ഉപയോഗിച്ചിട്ടില്ലാത്തതാണ്. ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിന് എസ്സിപി വിഹിതം കുറവ് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## 1-42 അഗതിരഹിത കേരളം പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമതയില്ല

2018-19 മുതൽ 2020-21 വരെ വർഷങ്ങളിലായി നടപ്പിലാക്കേണ്ട ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പ്രൊജക്ടിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.03.2019 ലെ KS/L/351/2019 ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായത്. ചലഞ്ച് ഫണ്ട് 4000000 രൂപയും വികസനഫണ്ട് 24726000 രൂപയും ഇതരഫണ്ട് 28100,സ്പോൺസർഷിപ്പ് 234000 അടക്കം ആകെ 28988100 രൂപയാണ് അടങ്കൽ. ചലഞ്ച് ഫണ്ടിന്റെ ഒന്നാംഗഡു 1333333 രൂപയിൽ ആശ്രയ പദ്ധതിയിൽ അവശേഷിക്കുന്ന 71798 രൂപ കഴിച്ച് 1261535 രൂപ ഈ അനുമതി ഉത്തരവിനോടൊപ്പംതന്നെ ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകുന്നുണ്ട്. നിലവിൽ 139 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. ചലഞ്ച് ഫണ്ടിന്റെ രണ്ടാം ഗഡു 13,33,333 രൂപ 5.3.21 ൽ ലഭ്യമായി.

പ്രൊജക്ടിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന വസ്തുതകൾ കാണുന്നു.

1. അഗതിരഹിത കേരളം അക്കൗണ്ടിൽ ഈ കാലയളവിൽ ആകെ ലഭ്യമായ 2700975 രൂപയിൽ 1312265.59 രൂപ (48 %) മാത്രമാണ് ചെലവഴിച്ചത്.

2. അക്കൗണ്ടിൽ (നമ്പർ 40264101064926) 31.03.2021 ൽ 1312137 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

3. പ്ലാൻ ഫണ്ട് വിനിയോഗം നാമമാത്രമാണ്. 2019 -20 ൽ 898000 രൂപ അടങ്കലിൽ പ്രൊജക്ട് വെച്ചത് 2020-21 ലാണ് പൂർത്തിയായത്. 7 പേർക്ക് ഭവനപുനരുദ്ധാരണത്തിന് 396300 രൂപ ചെലവഴിച്ചു. 2020-21 ലെ പുതിയ പ്രൊജക്ട് അടങ്കൽ തുക 4 ലക്ഷം നടപ്പാക്കിയിട്ടില്ല.

4. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നടപ്പാക്കണമെന്ന് നിഷ്കർഷിച്ചിരുന്നെങ്കിലും അഗതി കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം, മെഡിക്കൽ ക്യാമ്പ് എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയത്. ശൗചാലയ നിർമ്മാണം, ചികിത്സാ സഹായം, വീട് വൈദ്യുതീകരണം, കുടിവെള്ളം, വസ്ത്രം ഉടങ്ങിയവക്കായി തുക ചെലവഴിച്ചിട്ടില്ല. സ്ഥാപനതലത്തിൽ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ട ചുമതലയുള്ള വിലയിരുത്തൽ സമിതി കൂടിയതിന്റെ മിനിറ്റ്സ് ലഭ്യമാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി [നം.13/24.11. 2021]ന് 2021-22ൽ 1312265 രൂപ ചെലവഴിച്ചതായും പ്രൊജക്റ്റ് കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ആശ്രയ അഗതി രഹിത കേരളം മാർഗ്ഗരേഖ നിർദ്ദേശാനുസരണം DPR ന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 അനുയോജ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കാതെ ബഡ്സ് സ്കൂളിലേക്ക് പർച്ചേസ് നടത്തിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാതെ സൂക്ഷിച്ചിരിക്കുന്നു.

340/21, 342/21 അസി.സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ മുഖേന 399750 രൂപയ്ക്ക് ബഡ്സ് സ്കൂളിലേക്ക് പർച്ചേസ് നടത്തിയ പഠനോപകരണങ്ങൾ, ഓഫീസ് ഉപകരണങ്ങൾ, കിച്ചൻ ഉപകരണങ്ങൾ, തെറാപ്പി ഉപകരണങ്ങൾ എന്നിവ ഉപയോഗപ്രദമാക്കാതെ സൂക്ഷിച്ചിരിക്കുന്നതായി 25.11.21 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. അംഗൻവാടിക്കായി പണിത കെട്ടിടത്തിലാണ് പരിമിതമായ സ്ഥലസൗകര്യത്തിൽ സ്കൂൾ പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടു. 9 കുട്ടികൾ ഉണ്ടെങ്കിലും കോവിഡ് സാഹചര്യമായതിനാൽ ഒന്നോ രണ്ടോ കുട്ടികൾ ഇടവിട്ടുള്ള ദിവസങ്ങളിൽ ഹാജരാകുന്നുവെന്ന് ടീച്ചർ അറിയിച്ചു.

1. കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 2,70,531 രൂപയുടെ ഫിസിയോ തെറാപ്പി ഉപകരണങ്ങൾ പർച്ചേസ് ചെയ്തിരിക്കുന്നത്. ആയതിൽ 1,69,067 രൂപയുടെ ഇന്ററാക്ടീവ് പാനൽ വിത്ത് എ എം ഡി ഒ പി എസ് ഉൾപ്പെടുന്നു. മേൽ സ്ഥാപനത്തിന് ഫിസിയോ തെറാപ്പി ഉപകരണങ്ങൾക്കുള്ള അക്രഡിറ്റേഷൻ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്.
2. സ്ഥാപനത്തിലേക്ക് ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാതെ ഉപകരണങ്ങൾ വാങ്ങി സൂക്ഷിച്ചിരിക്കുകയാണ്.
3. വാങ്ങൽ നടത്തിയ ഉപകരണങ്ങൾ കൂടുതൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ഉപയോഗപ്പെടുത്തിയില്ലെങ്കിൽ വാറന്റി/ഗ്യാരന്റി കാലയളവിന്റെ ആനുകൂല്യം നഷ്ടപ്പെടാനിടയാകും.

മേൽ അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/26.11.21 ന് ബഡ്സ് സ്കൂളിന്റെ നിലവിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി കുറച്ചു കൂടി സൗകര്യപ്രദമായ ഒഴിഞ്ഞു കിടക്കുന്ന പഴയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി മറുപടി നൽകി. തീരുമാനം പ്രാവർത്തികമാക്കി വാങ്ങൽ നടത്തിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കേണ്ടതും ഫിസിയോ തെറാപ്പിസ്റ്റിനെ നടപടിക്രമങ്ങൾ പാലിച്ച് നിയമിക്കേണ്ടതുമാണ്.

## 1-44 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 169 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 129 (76.33%) പ്രൊജക്ടുകൾക്കുവേണ്ടിയും തുക ചെലവഴിച്ചിട്ടുണ്ട്. മൊത്തം 9,52,67,651 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 6,22,03,290 രൂപ (65.29%) ചെലവഴിക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയാണ് സാമ്പത്തികവർഷം കൈവരിച്ചിട്ടുള്ളത്.

## 1-45 തോടുകളിൽ നിന്നും നീക്കം ചെയ്ത മണ്ണ് അസി.എഞ്ചിനീയർ ലേലനടപടിക്ക് ശുപാർശ ചെയ്തു-ലേലം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിലെ വിവിധ തോടുകളിൽ നിന്നും ചെളിമണ്ണ് ഉൾപ്പെടെയുള്ള മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തികളിൽ ലഭ്യമാകുന്ന ചെളിയില്ലാത്ത മണ്ണ് ലേലം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ മൂല്യനിർണയം നടത്തി സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് (തീയ്യതി ചേർത്തിട്ടില്ല). വിവരം ചുവടെ കൊടുക്കുന്നു. (ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗിച്ചാണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത്.).

| ക്രമ നം | പ്രവൃത്തി | ലേലം ചെയ്യാവുന്നമണ്ണിന്റെ അളവ് | അസി.എഞ്ചിനീയർ നിശ്ചയിച്ച നിരക്ക് | മണ്ണിന്റെ വില |
|---|---|---|---|---|
| 1 | പെരുംതോട് ഫസ്റ്റ് റീച്ച് ആഴം കൂട്ടൽ | 10560m3 | 30/m3 | 316800 |
| 2 | പെരും തോട് സെക്കന്റ് റീച്ച് ,, | 9600m3 | ,, | 288000 |
| 3 | പൂത്തേരിത്തോട് ,, | 2560m3 | ,, | 76800 |
| 4 | സുനാമി കോളനി തോട് ,, | 3200m3 | ,, | 96000 |
| 5 | കമ്മ്യൂണിറ്റി ഹാൾ- | 2100m3 | ,, | 63000 |

| | | | | |
|---|---|---|---|---|
| | പെരുംതോട്-അറപ്പത്തോട് ,, | | | |
| 6 | മരപ്പാലം പെരുംതോട് ,, | 1440m3 | ,, | 43200 |

ടി മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ മണ്ണ് ലേലം ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കുമായിരുന്ന മണ്ണ് ലേലം നടത്താത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/26.11.21) മറുപടി ലഭിച്ചില്ല.

## 1-46 ബ്ലാങ്ങാച്ചാൽ അറപ്പത്തോട്ടിൽ നിന്നും നീക്കം ചെയ്ത മണ്ണ് - പുനർലേലം നടത്തി തുക മുതൽകൂട്ടേണ്ടതാണ്

24/2/19 ലെ റവന്യൂ (പി) വകുപ്പിന്റെ GO(Rt)3880/19/RD നമ്പർ ഉത്തരവ് പ്രകാരം പ്രളയാവശിഷ്ടങ്ങളടങ്ങിയ മണ്ണ് ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ അനുമതിയായി. ഇതേ തുടർന്ന് എറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൊടുങ്ങല്ലൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസി.എൻജിനീയറുടെ 20/2/20 ലെ D2-338/19 നമ്പർ കത്തിൽ 10500 ഘനമീറ്റർ ചെളിയും അവശിഷ്ടങ്ങളും അടങ്ങിയ മണ്ണ് ബ്ലാങ്ങാച്ചാൽ അറപ്പത്തോട്ടിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായും ആയത് തോടിന്റെ സമീപത്ത് പല ഭാഗത്തായി നിക്ഷേപിച്ചതായും ഉടനെ നീക്കിയില്ലെങ്കിൽ കടൽക്ഷോഭത്തിലോ ശക്തമായ മഴയിലോ നീക്കം ചെയ്യപ്പെട്ട മണ്ണ് തോട്ടിൽ തിരിച്ചെത്തുമെന്നും സൂചിപ്പിച്ചു. ഇതേതുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി A1-1786/2//13/4/20 നമ്പർ കത്ത്, ജില്ലാ കളക്ടറുടെ H3-454/20 നമ്പ് കത്ത് എന്നിവ പ്രകാരം മൈനിങ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിനോട് ടി മണ്ണ് പരിശോധന നടത്തി വില നിശ്ചയിക്കാൻ ആവശ്യപ്പെട്ടു. ആയത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടെ DS3-1104/19/6/5/20 നമ്പർ കത്തിൽ ആകെയുള്ള 10500m3 ചെളിയടങ്ങിയ മണ്ണിൽ നിന്നും ലഭ്യമായ 8589m3 മണ്ണിന് 949.82രൂപ/m3 പ്രകാരം 8185003 രൂപ വില നിശ്ചയിച്ചു.

കൊടുങ്ങല്ലൂർ ഇറിഗേഷൻ സെക്ഷന്റെ നേതൃത്വത്തിൽ 2019 ഡിസംബർ മാസത്തോടെയാണ് തോട്ടിൽനിന്നും നീക്കം ചെയ്ത മണ്ണ് ഇറിഗേഷൻ വകുപ്പ് 12/05/20 ന് ഗ്രാമപഞ്ചായത്തിന് കൈമാറിയത്. (രശീത് നമ്പർ 8146284/12/5/20) 8/5/20 ന് ജില്ലാ കളക്ടറുടെ H3-454//20 നമ്പർ കത്തിൽ പഞ്ചായത്ത് തല സമിതി 8158003 രൂപ അടിസ്ഥാനവില നിശ്ചയിച്ച് ലേലം നടത്തുവാൻ നിർദേശിച്ചു. തുടർന്ന് 30/5/20 ന് 11.30 ന് നടന്ന ലേലത്തിൽ 15 പേർ പങ്കെടുത്തെങ്കിലും വില കൂടുതലായതിനാൽ ആരും പങ്കെടുത്തില്ല എന്ന് ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ കളക്ടറുടെ 9/6/20 ലെ H3-454/20 നമ്പർ കത്തിൽ കുഴിച്ചെടുത്ത മണ്ണ് ജിയോബാഗുകൾ നിറക്കുവാൻ ഉപയോഗിക്കാമെന്നും പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് കുട്ടികളുടെ പാർക്ക് നിർമ്മിക്കാൻ മൂന്ന് യൂണിറ്റ് മണ്ണ് കൈമാറണമെന്നും നിർദേശിച്ചു. 26/6/20 ന് ഗ്രാമപഞ്ചായത്തിൽനിന്ന് ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ 1, 22, 23 വാർഡുകളിൽ ജിയോബാഗ് നിറക്കുവാൻ മണ്ണ് ഉപയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. പുനർലേലത്തിനായി മണ്ണിന്റെ വില പുനർനിശ്ചയിക്കണമെന്നും അഭ്യർഥിച്ചു. 10/7/20 ന് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് കത്ത് അയച്ചുപ്രകാരം 13/7/20 ന് ജിയോളജിസ്റ്റ് ഗ്രാമപഞ്ചായത്ത് സന്ദർശിച്ചുവെങ്കിലും മണ്ണ് എവിടെ കൂട്ടിയെന്ന് വ്യക്തമല്ല എന്ന് സൂചിപ്പിക്കുകയും സ്കെച്ച് ആവശ്യപ്പെടുകയും ചെയ്തു. ഇതിനിടെ ജില്ലാ കളക്ടറുടെ 10/7/20 ലെ H3-454/20 നമ്പർ കത്തിൽ കൈപ്പമംഗലം എം.എൽ.എയുടെ നിർദേശപ്രകാരം കൈപ്പമംഗലം എടവിലങ്ങ് ഗ്രമപഞ്ചായത്തുകൾക്കുകൂടി ജിയോബാഗ് നിറയ്ക്കാൻ മണ്ണ് ആവശ്യമുണ്ടെന്നും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ശേഷം മാത്രം അളവെടുക്കാൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

29/7/20 ന് സ്കെച്ച് ലഭ്യമാക്കുവാൻ ത.സ്വ.ഭ.വകുപ്പ് അസി.എൻജിനീയറോട് ആവശ്യപ്പെട്ടുപ്രകാരം 26/8/20 ന് ആയത് ലഭ്യമാക്കി അന്നേ ദിവസം തന്നെ മൈനിങ് ആന്റ് ജിയോളജി വകുപ്പ് ജില്ലാ കാര്യാലയത്തിലേക്ക് മെയിൽ ചെയ്തെങ്കിലും മണ്ണ് പരിശോധന നടത്താത്തതിനെ തുടർന്ന് 18/1/21,26/1/21 എന്നീ തിയ്യതികളിലെ കത്തുകൾ പ്രകാരം മണ്ണ് അളന്ന് തിട്ടപ്പെടുത്തുവാൻ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ആയത് ചെയ്തിട്ടില്ല. ഇറിഗേഷൻ വകുപ്പ് ഗ്രാമപഞ്ചായത്തിന് മണ്ണ് കൈമാറി ഒന്നരവർഷം പിന്നിട്ടു, ഇതിനിടെ രണ്ട് മഴക്കാലം കടന്നുപോയി. മഴയിൽ എത്രമണ്ണ് ഒലിച്ചുപോയി എന്ന് ഇനിയുള്ള പരിശോധനയിലേ അറിയുകയുള്ളൂ. മറ്റ് സ്ഥാപനങ്ങൾക്ക് മണ്ണ് കൈമാറിയതിന്റെ അളവ് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലത്തുക അധികമായതിനാലാണ് മണ്ണ് ലേലം നടക്കാത്തത് എന്നാണ് ഫയലിൽ സൂചിപ്പിച്ചിട്ടുള്ളത്. മണ്ണിന്റെ അടിസ്ഥാന വിലയിൽ കുറവുവരുത്താൻ ഏതായാലും നിർവാഹമില്ല. വലിയ തുക മുതൽമുടക്കാൻ ലേലക്കാർ കടന്നുവരാത്തതാണ് ലേലം കൊള്ളാത്തതിന്റെ കാരണം എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നത്. എത്രയും വേഗം മണ്ണിന്റെ പുനരളവ് പരിശോധന നടത്തി വില നിശ്ചയിച്ച് പുനർലേലം നടത്താൻ നടപടികൾ കൈകൊള്ളേണ്ടതും തുടർന്ന് ആരും ലേലത്തിൽ പങ്കെടുക്കാത്തപക്ഷം ആയത് സർക്കാരിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-47 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി.എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്. 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ത.സ്വ.വ. സ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കിയതിനാൽ ആയതിനനുസൃതമായിട്ടുള്ള കരാർ ഉടമ്പടികളിൽ നിർബന്ധമായും ഏർപ്പെടേണ്ടതാണ്.

## 1-48 പ്രൈസ് സോഫ്റ്റ്‌വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ MORD DATA അനുസരിച്ചുള്ള പ്രവർത്തികൾക്കായി PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-49 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

ബിറ്റുമിൻ ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്ക്ഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്.ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238 രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ആയത് കരാറുകാരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-50 ജി.എസ്.ടി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി.27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി) 73/17 Taxes തീയ്യതി.30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (“*(Pure Services (Excluding Works Contract Service Or A Other Composite Supplies Involving Supply Of Any Goods) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To Municipality Under Article 243W Of The Constitution*”). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ. നം. | പ്രൊജക്റ്റ് നം | അടങ്കൽ | പ്രവൃത്തി | കരാറു കാരൻ | അളവു പുസ്തകം | പ്രവൃത്തി മൂല്യം | ജി.എസ്.റ്റി | ആകെ തുക (വൗച്ചർ നം) |
|---|---|---|---|---|---|---|---|---|
| 1 | 251/21 | 500000 | പൂത്തേരിത്തോട് ആഴം കൂട്ടൽ | സി.എസ്. അനീഷ് | 176/19-20 | 413171.22 | 2158.56 | 465330 (22001078/ 7.1.21) |
| 2 | 252/21 | 1300000 | പെരുംതോട് ആഴം കൂട്ടൽ-മഞ്ഞളിപ്പാലം-അഴീക്കോട് പടന്നപ്പാലം | എം.എസ്. സച്ചിൻ | 184/19-20 | 1007188 | 50359.40 | 1057547 (22100744/ 24.9.20) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 257/21 | 295000 | മരപ്പാലം ചെറുതോട് – പെരുംതോട് ആഴം കൂട്ടൽ | സി.എ.അബ്ദുൾ ജലീൽ | 165/19-20 | 229848.88 | 11492.44 | 241341 (വൗച്ചർ നം. ലഭ്യമല്ല) |
| 4 | 254/21 | 500000 | സുനാമി കോളനി തോട് ആഴം കൂട്ടൽ | സി.എസ്. അനീഷ് | 181/19-20 | 423059.97 | 21152.87 | 444212 (2200748/ 6.10.20) |
| 5 | 326/21 | 750000 | കാര്യഴത്ത് കുഞ്ഞമ്മ പരിസരം മുതൽ കൈപ്പോത്ത് ഷൺമുഖീനന്ദ വീട് പരിസരം വരെ | ഇ.ജി. സിജിൽകുമാർ | 452/20-21 457/20-21 | 70499.17 | 3524.99 | 74024 (വൗച്ചർ നം. ലഭ്യമല്ല) |
| 6 | 307/21 | 200000 | കളത്തിൽ പറമ്പിൽതോട് നവീകരണം | „ | 198/19-20 | 190473.96 | 9523.67 | 199997 (22001090/ 11.6.20) |
| | | | | | | ആകെ | 98211.93 രൂപ | |

മേൽ പ്രകാരം 98212/- രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നത്. ഈ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 1-51 ക്വാറി മക്ക് വില -പൊതുമരാമത്ത്, എൻ.ആർ.ഇ.ജി.എസ്.നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന റോഡ് പണിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിനുള്ള നിരക്ക് ഡാറ്റ 51.2.3 പ്രകാരം ഘനമീറ്ററിന് 891.01 രൂപയാണ്. ക്വാറി മക്ക് വില 750 രൂപ, കരാറുകാരന്റെ ലാഭം, ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടെയാണ് മേൽ നിരക്ക് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പുപദ്ധതിക്കായി ഉപയോഗിക്കുന്ന ക്വാറിമക്കിന്റെ നിരക്ക് ഘനമീറ്ററിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം 1263.35 രൂപയാണ്. ഇവിടെ ക്വാറി മക്ക് വില 1250 രൂപയാണ്. കൂലിച്ചെലവുകൾ ഉൾപ്പെടെയാണ് മുകളിൽപറഞ്ഞ വില കണക്കാക്കിയിട്ടുള്ളത്. രണ്ടു നിരക്കും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ഒരേ സ്ഥാപനത്തിൽ തന്നെ രണ്ട് വ്യത്യസ്ത നിരക്ക് പിൻതുടരുന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. നിരക്കുകൾ ഏകീകൃതമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തൊഴിലുറപ്പുപദ്ധതിക്കായി ഉപയോഗിച്ച ക്വാറിമക്കിന്റെ അളവ്, അനുവദിച്ച തുക, മരാമത്തുവിഭാഗത്തിലായിരുന്നുവെങ്കിൽ വരുമായിരുന്ന ചെലവ് എന്നിവ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ. നം. | പ്രവൃത്തി | ഉപയോഗിച്ച ക്വാറി മക്ക് | നൽകിയ തുക | പൊതുമരാമത്ത് നിരക്ക് പ്രകാരം വരുന്ന തുക | നിരക്കുകളിലെ അന്തരം | ഇനം | അളവുപുസ്തകം |
|---|---|---|---|---|---|---|---|
| 1 | ഇറച്ചി മാർക്കറ്റ് റോഡ് കോൺക്രീറ്റിങ് | 34.29m3 | 43320.20 | 30552.73 | 12768 | 1 | 394/20-21 |
| 2 | 22-ാം നമ്പർ അങ്കണവാടിയിലേക്കുള്ള ഗ്രമീണ റോഡ് „ | 13.23m3 | 16714.09 | 11788.06 | 4926 | „ | 315/„ |
| 3 | പ്രിയ സനീഷ് പരിസരം .. | 36.67m3 | 46327.04 | 32673.32 | 13653 | „ | 200/16-17 |
| 4 | ഏഴാം വാർഡിൽ വില്ലേജ് പാത -ഗ്രാമീണ റോഡ് „ | 36.244m3 | 45788.85 | 32293.77 | 13495 | „ | 321/20-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കുര്യാപ്പിള്ളി അബ്ബാസ് -ഭാരത് വനിതാ സ്വയം സഹായസംഘം പരിസരം ഗ്രാമീണ റോഡ് ,, | 18.20m3 | 22992.97 | 16216.82 | 6776 | ,, | 641/,, |
| 6 | ആളൂപറമ്പിൽ അമ്പലം പരിസരം ,, | 15.51m3 | 19594.56 | 13819.57 | 5775 | ,, | 597/,, |
| 7 | കൊട്ടിക്കൽ ക്ഷേത്രം വടക്കുവശം ഗ്രാമീണ റോഡ് ,, | 30.216m3 | 38173.38 | 26922.76 | 11251 | ,, | 570/,, |

ആയതിനാൽ മേൽ നിരക്കുകൾ ഏകീകരിക്കുന്നത് സംബന്ധിച്ചുള്ള ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-52 തൊഴിലുറപ്പുപദ്ധതി

സാമ്പത്തികവർഷം നാലരക്കോടിയിലേറെ രൂപയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്. 2037 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 365 പ്രൊജക്റ്റുകൾ പൂർത്തീകരിച്ചു. 703 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ നൽകി. രണ്ടേകാൽകോടിയിലേറെ രൂപ ഭൂവികസനപ്രവൃത്തികൾക്കായി ചെലവഴിച്ചു. ഒരുകോടി എഴുപത് ലക്ഷത്തോളം രൂപ തോട് പുനരുദ്ധാരണപ്രവൃത്തികൾക്കുമായി ചെലവിട്ടു.

## 1-53 കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ 5/21 പ്രകാരം 375000 രൂപ (ബിൽ നം.3/25.03.21) വികസനഫണ്ട് മേൽ പദ്ധതി നടത്തിപ്പിനായി എസ്.എൽ.ബി.പി.ഡെപ്യൂട്ടി ഡയറക്റ്റർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-54 കന്നുകുട്ടി പരിപാലനം-പദ്ധതി വിട്ടുപോയവരുടെ -വിഹിതം തിരിച്ചടക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : സിനീയർ വെറ്ററിനറി സർജൻ
പ്രൊജക്റ്റ് നമ്പർ : 5/21
അടങ്കൽ തുക : 375000/-
ബിൽ നമ്പർ : 3/25.03.21

ശ്രീ.പോൾസൺ തറപ്പറമ്പിൽ എന്ന ഗുണഭോക്താവ് രണ്ടു മാസം മാത്രമാണ് കാലിത്തീറ്റ വാങ്ങിയത്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ടിയാന് വേണ്ടി കൂടുതൽ അടവാക്കിയ പദ്ധതി വിഹിതം തിരികെ വാങ്ങി സഞ്ചിത നിധിയിലടവാക്കേണ്ടതാണ്.

## 1-55 മൃഗാശുപത്രിയിലേക്ക് മരുന്നവാങ്ങൽ-117518.50 രൂപയുടെ മരുന്ന് കുറവുള്ളതായി വകുപ്പുതല അന്വേഷണ റിപ്പോർട്ട്

തൻവർഷം 494000 രൂപ റോഡിതരസംരക്ഷണഗ്രാന്റ് ഉപയോഗിച്ച് മൃഗാശുപത്രിയിലേക്ക് മരുന്ന വാങ്ങിയത് സംബന്ധിച്ച് 16/9/20 വരെക്കും അതിന് ശേഷവുമുള്ള സീനിയർ വെറ്ററിനറി സർജന്മാർ സൂക്ഷിച്ച സ്റ്റോക്ക് രജിസ്റ്ററിൽ പൊരുത്തക്കേട് കണ്ടപ്പോൾ നൽകിയ 45/27.11.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ഓഡിറ്റ് പൂർത്തീകരണവേളയിൽ നിലവിലുള്ള സീനിയർ വെറ്ററിനറി സർജൻ, ജില്ലാ വെറ്ററിനറി സർജൻ 16/9/20 വരെ നിർവ്വഹണ ഉദ്യോഗസ്ഥരായിരുന്നവർക്ക് നൽകിയ DAHO/TSR/1910/2020-B3/3/9/21 നമ്പർ കത്ത് ഓഡിറ്റിന് ലഭ്യമാക്കി. ടി കത്തിൽ ടി കാലയളവിൽ ചുമതല വഹിച്ചിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ സാമ്പത്തികവർഷം വാങ്ങിയ മരുന്നിൽ മേൽപറഞ്ഞ തുകക്കുള്ള മരുന്നുകൾ സ്റ്റോക്കിൽ കുറവുള്ളതായി, ജില്ലാ മൃഗസംരക്ഷണ ഓഫീസറും ടെക്നിക്കൽ അസിസ്റ്റന്റും കണ്ടെത്തിയതായി പ്രതിപാദിക്കുകയും അത്രയും തുക അവരോട് തിരിച്ചടക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പൂർത്തീകരിച്ച ശേഷം 16/9/20 വരെ ചുമതല വഹിച്ചിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ 16/9/20 ന് തന്നെ മരുന്നിന്റെ ഫിസിക്കൽ സ്റ്റോക്കും സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പെടെ മുഴവൻ ചാർജ്ജുകളും പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷമാണ് ചാർജ് കൈമാറിയതെന്നും, സ്റ്റോക്ക് സംബന്ധിച്ച് അന്നേരം പരാതി ഒന്നും ഇല്ലായിരുന്ന എന്നാണ് അറിയിച്ചിട്ടുള്ളത്. 16/9/20 നും 6/11/20 നും ഇടക്കുള്ള കാലയളവിൽ രണ്ട് സീനിയർ വെറ്ററിനറി സർജന്മാർ ചുമതല വഹിച്ചിരുന്നവെങ്കിലും ഇവരുടെ കാലത്ത് യാതൊരു മരുന്നും ഇഷ്യൂ ചെയ്തിട്ടില്ലാത്തതുമാണ്. 117518.50 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളത് വ്യക്തമായ സാഹചര്യത്തിൽ ടി നഷ്ടത്തിന് ഉത്തരവാദിയായ ആളെ നിർണ്ണയിക്കുന്നതിന് ഒരു പുനരന്വേഷണം ആവശ്യമാണ്.

## 1-56 അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം-സർക്കാർ ഉത്തരവുകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2018-19 മുതൽ സർക്കാർ നിർദ്ദേശാനുസരണം വികസന ഫണ്ട് ഗഡുക്കൾ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്ന് കുറവു ചെയ്താണ് വേതനം അനുവദിക്കുന്നത്. അതാതു വർഷത്തെ നിർദ്ദേശപ്രകാരം സെക്രട്ടറി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

1.പഞ്ചായത്തിൽ ഐ.സി.ഡി എസ് സൂപ്പർവൈസറാണ് ജി.ഒ പ്രൊജക്ട് ചെയ്തിരിക്കുന്നത്. 2019-20 ൽ Proj No.265/ 20 പ്രകാരം 335800 രൂപ തനതു ഫണ്ട് കൈമാറി. (SB / X Y No. 6000181 Dt. 30.3.20) 2020-21 ൽ Proj No. 52/ 21 1014800 രൂപ തനതു ഫണ്ട് തുക ട്രഷറിയിൽ അടച്ചിട്ടുണ്ട്. (ചെക്ക് നം: JN 2387588 Dt.20.1.21). അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം നൽകുന്നതിന് തയ്യാറാക്കിയതാണ് പ്രൊജക്ടുകൾ ജി.ഒ. പ്രൊജക്ട് ഉണ്ടായിരിക്കെ വീണ്ടും തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കിയതിന്റെ കാരണം പഞ്ചായത്തിന് വിശദീകരിക്കാനായിട്ടില്ല.

2.2020-21 ൽ ഗവ. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 1014800 രൂപക്ക് സാധുതയുള്ള കൈമാറ്റ രേഖ UTR സ്റ്റേറ്റ്മെന്റ്/ ട്രഷറി ചലാൻ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി [നം.42/27.11.21] ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-57 ഐ.സി.ഡി.എസ് നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - പൊതു അപാകതകൾ

1. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ 2019-20, 2020-21 പ്രൊജക്ടുകളിൽ ജാഗ്രതാസമിതി, ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനങ്ങൾ എന്ന പേരിലുള്ള പ്രൊജക്ടുകൾ അംഗീകാരം നേടിയെങ്കിലും നടപ്പാക്കിയില്ല. 14.02.2018ലെ പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ ഭാഗം 7.4 പ്രകാരം വനിതാവികസനത്തിന്റെ അടിസ്ഥാനമായി വർത്തിക്കേണ്ട ജന്റർറിസോഴ്സ് സെന്റർ, ജാഗ്രതാസമിതി, ജെന്റർ ഡെസ്ക്ക് പ്രവർത്തനങ്ങൾക്കായി പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 13-ാം പദ്ധതി കാലയളവിൽ പഞ്ചായത്തിൽ സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. സമീപകാലസംഭവങ്ങളുടെ പശ്ചാത്തലത്തിൽ പഞ്ചായത്ത് തല / വാർഡ് തല ജാഗ്രതാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി [ നം.43/27.11.21] ക്ക് മറുപടി ലഭ്യമാക്കിയില്ല.

2. വാങ്ങൽ നടത്തി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയ കട്ടിൽ, ഫർണീച്ചർ തുടങ്ങിയവ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി ഫയൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. കാഷ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് പതിപ്പിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് മാത്രം പ്രൊജക്ടു പ്രകാരമുള്ള ഉൽപന്നങ്ങൾ വിതരണം നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3. വയോ ക്ലബ്ബിനായി വാങ്ങിയ 126653 രൂപയുടെ ഉൽപ്പന്നങ്ങൾ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. [പ്രൊജക്ട് നം. 56/21]

4. പ്രൊജക്റ്റ് നം. 51/ 21 പ്രകാരം അങ്കണവാടി കുടിവെള്ള കണക്ഷന് വാട്ടർ അതോറിറ്റിക്ക് 37000/-രൂപ കൈമാറി. [Vr.No.22001615/2.1.21,/Rs.10000, Vr.No.22001613/12.11.20/Rs.27000]
വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചതായി രേഖയില്ല. കണക്ഷൻ ലഭ്യമായതിന്റെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി[ നം. 48/ 27.11.21] ന് മറുപടി ലഭ്യമാക്കിയില്ല. റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-58 അങ്കണവാടി പോഷകാഹാരം - പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ , സ്റ്റോക്ക് രജിസ്റ്റർ സഹിതം പൂർണ്ണമാക്കി ലഭ്യമാക്കുന്നതു വരെ ചെലവുതുക 4950000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്ട് നം : 49/21
വികസന ഫണ്ട് അടങ്കൽ തുക : 1300000
ചെലവു തുക : 1300000
Vr.No:22000708/1.7.20 തുക : 559148
Vr.No:22000726/29.7.20 തുക : 587868
Vr.No:22000974/27.10.20 തുക : 152984
കേന്ദ്രാവിഷ്കൃത ഫണ്ട് അടങ്കൽ തുക : 3200000
ചെലവു തുക: 3200000

| ക്രമ.നം | വൗച്ചർ നം./ തീയതി | തുക |
|---|---|---|
| 1. | 22000415/13.8.2020 | 285919 |
| 2. | 22000416/13.8.2020 | 51141 |
| 3. | 22000798/5.11.2020 | 171709 |
| 4. | 22000799/5.11.2020 | 820731 |
| 5. | 22000927/21.12.2020 | 184050 |
| 6. | 22001007/7.1.21 | 29670 |
| 7. | 22001178/9.2.21 | 1656780 |
| | ആകെ തുക | 3200000 |

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് അടങ്കൽ തുക : 5500000/-

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവുതുക :450000 Vr.No : 22000976/30.10.20

മറ്റ് ഗ്രാമപഞ്ചായത്ത് അടങ്കൽ – 500000/- ചെലവ് ഇല്ല.

ആകെ അടങ്കൽ തുക : 5500000

ചെലവ് : 4950000

അങ്കൻവാടി പോഷകാഹാര പദ്ധതി പ്രകാരം 49,50,000 രൂപ ചെലവഴിച്ചു. പ്രൊജക്ട് ഫയൽ, ചെലവു രേഖകൾ / സ്റ്റോക്ക് രജിസ്റ്ററുകൾ സഹിതം പൂർണ്ണമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തതിന്റെ ബില്ലുകൾ | ഇൻ വോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ, തുക നൽകിയതിന്റെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റുകൾ, UTR സ്റ്റേറ്റുമെന്റുകൾ, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവയുടെ അഭാവത്തിൽ ചെലവിന്റെ സാധുത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-25 പ്രകാരവും പോഷകാഹാര പദ്ധതി ഫയൽ കൃത്യമാക്കി സമർപ്പിക്കാത്തതിലെ അപാകത ചൂണ്ടിക്കാട്ടിയിരുന്നു. 2019-20 വർഷ ഓഡിറ്റിലും ഫയൽ പൂർണ്ണമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. [ഓ.റി.ഖ 1.51 ].

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48/27.11.21 ന് മറുപടി ലഭ്യമാക്കിയില്ല. ഈ റിപ്പോർട്ടിന്റെ ആദ്യമറുപടി ലഭ്യമാക്കുന്ന സമയത്ത് ഫയൽ പൂർണ്ണമാക്കി പരിശോധനയ്ക്ക് തയ്യാറാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തി ഓഡിറ്റിനെ അറിയിക്കാത്ത പക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12ൽ 1 മുതൽ 4 വരെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. 4950000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-59 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയതിയിലും നിർമ്മാണം പൂർത്തീകരിക്കാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക/തീയതി |
|---|---|---|---|
| 1. | സുൽഫത്ത് തറപറമ്പിൽ വാർഡ് 1 | 15.5.2018 | 40000/13.7.18<br>160000/14.1.19<br>60000/30.3.19<br>40000/3.8.19 |
| 2. | സുനന്ദ ബാബു എരുമ ചനയിൽ വാർഡ് -23 | തിയതി ലഭ്യമായില്ല. | 40000/23.8.18<br>160000/14.1.19<br>100000/28.3.19<br>60000/28.11.19 |
| 3. | ബീന ദേവി ചക്കമാട്ടിൽ വാർഡ് 9 | തിയതി ലഭ്യമായില്ല. | 23.8.18/40000<br>28.3.19/140000<br>7.11.19/120000 |

സാമ്പത്തികപ്രയാസം മൂലമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതെന്ന് ഓഡിറ്റ് എൻക്വയറി[ നം: 23/ 27.11.21] ക്കു മറുപടി നൽകി. ക്രമ നം.3 ഗുണഭോക്താവ് പൂർത്തീകരിച്ച് വീട്ടു നമ്പറിന് അപേക്ഷ നൽകിയിട്ടുണ്ട്. ബാക്കി 2 ഗുണഭോക്താക്കൾക്ക് സ്പോൺസർഷിപ്പിന് ആളെ കണ്ടെത്തിയതായും 31.12.21 നകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുള്ളത്. ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം റിപ്പോർട്ടിന്റെ

ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-60 കാർഷിക പ്രൊജക്ടുകൾ-ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ച 'സുഭിക്ഷ കേരളം' പദ്ധതിക്കനുസൃതമായി 22/2018 സബ് സിഡി മാർഗ്ഗരേഖയിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് 29.5.20 ൽ സ.ഉ. സാധാ നം. 1009/ 20 തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആയതു പ്രകാരം തരിശു കൃഷിക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രൊജക്ടുകൾ നടപ്പാക്കിയത്.

പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1. [I] 3 വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

[Ii] ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവുമാണ് ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകാവുന്നത്. എല്ലാ തരിശു കൃഷി പ്രോജക്ടിലും ഒറ്റത്തവണയായാണ് തുക കൈമാറിയത്. ഉദാ:തരിശ് കിഴങ്ങ് വർഗകൃഷി, തരിശ് പച്ചക്കറി കൃഷി തരിശ് വാഴകൃഷി. ഓഡിറ്റ് എൻക്വയറി[ നം.11 /23.11.21] ക്ക് ലഭ്യമാക്കിയ മറുപടിയിൽ കൃഷി ഓഫീസിലെ ജീവനക്കാരുടെ അപര്യാപ്തത നിമിത്തം മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാനായില്ലെന്ന് വ്യക്തമാക്കി. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തുമെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

2. 2020-21 വർഷത്തിൽ 11 പ്രൊജക്ടുകൾക്കായി 42,85,583 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ടുകളുടെ ലക്ഷ്യപ്രാപ്തി, വിളവിന്റെ കണക്കെടുപ്പ്, കൃഷി കാലയളവിൽ നേരിട്ട പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലോ വികസന സ്റ്റാൻഡിംഗ് കമ്മറ്റിയിലോ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലില്ല. ഗുണഭോക്താക്കളെ വാർഡ് തലത്തിൽ കണ്ടെത്തി ആനുകൂല്യം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതി പ്രവർത്തനം അവസാനിപ്പിക്കരുത്. ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കണമെങ്കിൽ കാർഷിക മേഖലയിൽ ചെലവഴിക്കുന്ന ഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യുകയും വിളകളുടെ വിപണന സാധ്യത പരിശോധിക്കപ്പെടുകയും വേണം. പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശാനുസരണം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതിയായി മാറി പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവുവിളക്ക് മെയിന്റനൻസ്- കരാറിലേയും തുക നല്കിയതിലേയും അപാകതകൾ-69850 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ തുക | ആദായ നികുതി 1% TDS കഴിച്ചുള്ള തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ (തനത് ഫണ്ട് ടി ഡി സി ബി) | തീയ്യതി |
|---|---|---|---|---|---|
| 12-തെരുവുവിളക്കുകളുടെ പരിപാലനം | 1,27,065 | 1,25,794 | 21900944 | 010065 | 18/12/19 |
| | 1,81,930 | 1,80,110 | 21901092 | 010120 | 17/1/20 |
| | 1,10,915 | 1,09,805 | 21901430 | 010977 | 17/3/20 |

| | | | | | |
|---|---|---|---|---|---|
| 298-21 തെരുവുവിളക്ക് പരിപാലനം | 70,000<br>59,665 | 69,300<br>59,674 | 22000414<br>21900597 | 012773<br>8768 | 12/8/20<br>11/10/20 |
| ആകെ | 5,49,575 | | | | |

തകരാറുള്ള തെരുവുവിളക്കുകളുടെ സാധനങ്ങളുടെ സപ്ലയും മെയിന്റനൻസും ഉൾപ്പെടെയുള്ള വാർഷിക മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.നിഖിൽ കുമാർ.കെ.എൻ എന്നവരുമായി 2/9/19 ൽ കരാറിലേർപ്പെടുകയും ചെയ്തു. ഓരോ വാർഡിലും മെയിന്റനൻസ് നടത്തിയതിന്റെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ, മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ക്രോഡീകരിച്ച് ആകെ റിപ്പയർ ചെയ്തവയുടെ എണ്ണം കണക്കാക്കി 2019-20, 2020-21എന്നീ വർഷങ്ങളിലായി, 4 തവണയായി കരാറുകാരന് തുക നല്കിയിട്ടുണ്ട്. പദ്ധതിയുടെ രേഖകൾ സൂക്ഷിക്കുന്നതിലും കരാറുകാരന് തുകനൽകിയതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

തെരുവുവിളക്കുകൾ മാറ്റിയതിന്റെയും തുക നല്കിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| | കരാറിൽ ഗ്രാമപഞ്ചായത്തിന്റെ തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതായി ചേർത്തിരിക്കുന്ന എണ്ണം | 3.7.19 ലെ സംയുക്ത പരിശോധന പ്രകാരമുള്ള കണക്ക് (തെരുവുവിളക്ക് രജിസ്റ്റർ പേജ് 25) | കരാറുകാരൻ 4 ബില്ലുകളിലായി റിപ്പയർ ചെയ്തവയുടെ എണ്ണം. | | | | ആകെ | സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടതിനേക്കാൾ കൂടുതൽ റിപ്പയർ ചെയ്തത് | നിരക്ക് | തുക |
|---|---|---|---|---|---|---|---|---|---|---|
| | | | 2019-20 | | | 2020-21 | | | | |
| | | | 1 | 2 | 3 | 4 | | | | |
| എൽ ഇ ഡി | 128 | 79 | 281 | 347 | 162 | 202 | 992 | 913 | 320 | 3,17,440 |
| സിംഗിൾ ട്യൂബ് | 435 | 409 | 99 | 123 | 110 | 115 | 447 | 38 | 255 | 1,13,985 |
| ഡബ്ബിൾ ട്യൂബ് | 443 | 417 | 28 | 93 | 73 | 84 | 278 | ഇല്ല | 425 | 1,18,150 |
| സി എഫ് എൽ | 443 | 725 | | | | - | | | | |
| സോഡിയം വേപ്പർ | 8 | 3 | - | | | | | | | |
| ഹൈമാസ്റ്റ് | | 8 | | | | | | | | |
| മറ്റുള്ളവ | | 15 | | | | | | | | |
| ആകെ | | | | | | | | | | 5,49,575 |

1. തെരുവുവിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ളതായി പരാമർശിച്ചിട്ടുള്ളതിനേക്കാൾ 913 എൽ ഇ ഡിയും 38 സിംഗിൾ റ്റ്യൂബും 139 ഡബ്ബിൾ ട്യൂബും കൂടുതൽ എണ്ണം റിപ്പയർ ചെയ്തതിന് തുക നല്കിയതായി കാണുന്നു. ഇപ്രകാരം ഒരു വർഷത്തെ കരാർ കാലയളവിൽ ഒരേ തെരുവുവിളക്ക് മാറ്റുന്നതിന് ഒന്നിലധികം തവണ തുക നല്കിയതായി വ്യക്തമാണ്. തുക നല്കുന്നതിന് മുമ്പ് എണ്ണം സംബന്ധിക്കുന്ന വിവരങ്ങളുടെ ഈ വിവരങ്ങൾ കൃത്യത പരിശോധിക്കപ്പെട്ടില്ല .

മുൻവർഷങ്ങളിലെ സ്ട്രീറ്റ് മെയിൻ വലിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചതിനാലും പ്രളയം, ഇടിവെട്ട് തുടങ്ങിയ കാലവസ്ഥ ഘടകങ്ങളും തെരുവുവിളക്കുകൾ കൂടുതലായി മാറ്റുന്നതിന് കാരണമായി എന്നും ഭൂരിഭാഗം തെരുവുവിളക്കുകളും എൽ ഇ ഡി ആക്കി മാറ്റിയെന്നും ഇതിനാലാണ് കൂടുതൽ വിളക്കുകൾ മാറ്റിയിടേണ്ടി വന്നത് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിരിക്കുന്നു. മുൻവർഷങ്ങളിലെ സ്ട്രീറ്റ് മെയിൻ വലിച്ചതിന് പ്രോജക്റ്റ് 21 പ്രകാരം തെരുവുവിളക്കുകൾ വാങ്ങിയിട്ടുള്ളതാണെന്ന് ആ പ്രോജക്റ്റിനെ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുള്ളതാണ്. മാത്രമല്ല കാലാവസ്ഥ ഘടകം മൂലം കരാറിന് പുറത്ത് അധികം വിളക്കുകൾ റിപ്പയർ ചെയ്യേണ്ടി വരുന്നത് സംബന്ധിച്ച് ഭരണസമിതി ചർച്ചയുടെ വിവരങ്ങളോ തീരുമാനമോ കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയോ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല, ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം സമർപ്പിക്കുകയും ചെയ്തില്ല.ആയതിനാൽ മറുപടി പൂർണമായും അംഗീകരിക്കാനാവില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് 25 പ്രകാരം 3.7.19 ൽ നടത്തിയ സംയുക്ത പരിശോധന പ്രളയത്തിന് ശേഷം നടത്തിയിട്ടുള്ളതാണെന്നും വ്യക്തമാണ്. സിഎഫ്എൽ വിളക്കുകൾ എൽ ഇ ഡി യാക്കി മാറ്റി എന്ന മറുപടി പരിഗണിച്ചാലും എൽ ഇ ഡി വിളക്കുകൾ കൂടുതലായി മാറ്റി എന്ന കാണാം.

സി.എഫ്.എല്ലും, എൽ.ഇ.ഡിയും കൂടി ആകെ 804 എണ്ണമേ വരു. (725 +79). എന്നാൽ എൽ.ഇ.ഡി റിപ്പയർ ചെയ്ത് 992

എണ്ണമാണ്. അതായത് സി.എഫ്.എൽ ന് പകരം എൽ.ഇ.ഡി മാറ്റിയെന്ന് വാദം കണക്കിലെടുത്ത വിധം 188 എണ്ണം കൂടുതലായി മാറ്റിയിട്ടുണ്ട്. (992 -804)

ആകെ കൂടുതൽ എൽ ഇ ഡി മാറ്റിയത് -188 എണ്ണം (992-804) (2020-21 ലെ 202 എണ്ണത്തിൽ 188 എണ്ണം )
കൂടുതലായി സിംഗിൾ ട്യൂബ് മാറ്റിയത്- 38 എണ്ണം (2020-21 ലെ 115 എണ്ണത്തിൽ 38 എണ്ണം)
കൂടുതലായി നല്കിയ എണ്ണം പരിഗണിക്കാവുന്നത് അവസാനം നല്കിയ തുകയിലാണ്. റീടെൻഷൻ തുക പിടിച്ചിട്ടില്ലാത്തതാകുന്നു. അവസാനത്തെ ബില്ല് നല്കുന്ന സമയത്ത് ആകെ തെരുവുവിളക്കുകളുടെ എണ്ണത്തിനനുസരിച്ച് തുക പരിമിതപ്പെടുത്തിയില്ല.
2020-21 ൽ കൂടുതലായി നല്കിയ തുക താഴെ ചേർക്കും പ്രകാരമാണ്.
എൽ ഇ ഡി -188 എണ്ണം @ 320 രൂപ = 60,160
സിംഗിൾ ട്യൂബ് -38 എണ്ണം@ 255 രൂപ = 9,690
ആകെ = 69850 രൂപ
ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൂടുതൽ തുക തെറ്റായി നല്കിയ നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

2. സർക്കുലർ നമ്പർ 18/19/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവരിൽ നിന്നാണ് ടെണ്ടറുകൾ ക്ഷണിക്കേണ്ടത്. ശ്രീ നിഖിൽകുമാറിന് ജിഎസ് ടി രജിസ്ട്രേഷൻ ഉണ്ടെങ്കിലും ജിഎസ് ടി നിയമം 2017 വകുപ്പ് 31(2) പ്രകാരമുള്ള ഇൻവോയ്സ് പഞ്ചായത്തിന് നല്കിയിട്ടില്ല. കരാർ പ്രകാരമുള്ള നിരക്ക് കണക്കാക്കി തുക നല്കിയപ്പോൾ കരാറുകാരനിൽ നിന്ന് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 21 തീ 24/11/21)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020/21 OB 200000 | | ക്രിമറ്റോറിയം | 200000 | 0 |
| | 2020/21 OB 200000 | | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 120514 | ലൈഫ് മിഷൻ | 120514 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA[OB] 2020-21 | Drinking Water Pipe Line | | | | 210000 |
| | Street Tap Cutting | | | | 49000 |
| | Total | | | | 259000 |
| KSEB | OB | | | | 1116579 |

| | | | | | |
|---|---|---|---|---|---|
| OB-1116579 | റി ഇൻസ്റ്റലേഷൻ ഇലക്ട്രിക് പോസ്റ്റ് | 22001064/ 22.01.20 | 35978 | | 35978 |
| | | 22001372/ 15.03.20 | 9623 | | 9623 |
| | | 22001364 | 10834 | | 43139 |
| | | 22001364 | 9439 | | 10090 |
| | | 2001607/ 31.032021 | 3790 | | 3790 |
| | | Total | 69664 | | 1186243 [1116579+69664] |
| PWD Electrical Division OB-1430517 | കുടുംബശ്രീ കാന്റീൻ ഇലക്ട്രിഫിക്കേഷൻ | 2001191/18.02.21 | 4140 | | 1434657 [1430517+4140] |

സ്ഥാപനം നൽകിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ (എം.എസ്) നം.68/2018 /എൽഎസ്ജിഡി തീ.18/05/18 | 31645707 | 31645707 | 24137659 | - | 29231942 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6832097 | |
| തൻവർഷം നിക്ഷേപിച്ച തുക | 495327 [Interest] | |
| ആകെ | 7327424 | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7327424 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | TDCB,Eriyad | 7327424 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.3 | വസ്തു നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2.3 | 2016-17 | 2.2 | തൊഴിൽ നികുതി | ന്യൂനത പരിഹാര പത്രിക നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ് /ചെലവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.8 | റിവർ മാനേജ് മെൻറ് ഫണ്ടിൽ ഒടുക്കിയത് കുറവ് | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |
| 2012-13 | വിഷയാധിഷ്ഠിത അവലോകനം 2014/15 | 2014-15 | 4.2.14 | കടവുകമ്മറ്റികൾ സജീവമല്ല. | ന്യൂനത പരിഹാര പത്രിക ബഹു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 149708461 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152566905 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4950000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38/3-1 | 69850 | ശ്രീ സാബു ജോർജ്ജ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-58 | 4950000 | സിനി കെ.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| | 4950000 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-38/3-1 | 69850 | ശ്രീ സാബു ജോർജ്ജ് , സെക്രട്ടറി | സെക്രട്ടറി കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത് | ചെറിയാത്ത് വീട് ഈസ്റ്റ് കോമ്പാറ പി.ഒ ഇരിങ്ങാലക്കട 680121 |

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിനി കെ.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ | സിനി കെ.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ എറിയാട് ഗ്രാമപഞ്ചായത്ത് | സിനി കെ.എസ് പോണത്ത് ഹൗസ് പി.ഒ കാര കൊടുങ്ങല്ലൂർ - 680 671 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട്/ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 86-87, 87-88 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 21 |
| 1990-91 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 17, 20 |
| 91-92 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 21,23 |
| 92-93, 93-94 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 23(1), 23(2) |
| 1995-96 | എൽ.എഫ്.ടി(പി3)/43/14 തീയ്യതി 02.04.2014 | 18, 19 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-42/99/12.04.99 | |
| 97-98 | എൽ.എഫ്.ടി.12-842/--/12.04.99 | |

| | | |
|---|---|---|
| (ചെലവ്) | | |
| 98-99 (ചെലവ്) | എൽ.എഫ്.ടി.12-861/2000/04.09.2000 | |
| 99-2000 മുതൽ 2001--02 വരെ | എൽ.എഫ്.ടി.16-1380/03/08.10.03 | |
| 96-97 വരവ് | എൽ.എഫ്.ടി.16-1934/06/08.05.07/08.08.07 | |
| 97-98 വരവ് | എൽ.എഫ്.ടി.16-1935/06/08.05.07/07.12.07 | |
| 99-2000 വരവ് ചെലവ് | എൽ.എഫ്.ടി.16-1726/07/26.12.07/08.05.08 | |
| 2000-01 വരവ് ചെലവ് | എൽ.എഫ്.ടി.16-1725/07/26.12.07/08.05.08 | |
| 2001-02 വരവ് ചെലവ് | എൽ.എഫ്.ടി.16-1728/07/26.12.07/08.05.08 | |
| 2002-03 വരവ് ചെലവ് | എൽ.എഫ്.ടി.16-1220/08/26.12.07/05.09.09 | |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി.16-1221/08/26.12.07/05.09.09 | |
| 2004-05 വരവ് ചെലവ് | എൽ.എഫ്.ടി.16-265/09/26.12.07/04.05.10 | |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി.16-1310/09/03.01.2011 | |
| 2006-07 | എൽ.എഫ്.ടി.16-1320/09/12.01.11 | |
| 2007-08 | എൽ.എഫ്.ടി.16-1414/10/01.03.11 | |
| 2008-09 | എൽ.എഫ്.ടി.16-1415/10/14.03.11 | |
| 2009-10 | എൽ.എഫ്.ടി.പി.3-1092/2012/05.10.12 | |
| 2010-11 | എൽ.എഫ്.ടി.പി.3-1093/12/05.10.12 | |
| 2011-12 | എൽ.എഫ്.ടി.പി.3-1107/13/12.02.14/05.03.14 | |
| 2012-13, 2013-14 | എൽ.എഫ്.ടി.പി.3-1418/2014/09.01.2015 /06.02.2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)1326/15 /16.11.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി3)1885/16 /25.10.16/1.12.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി3) 1298/17/ 7.08.17/26.9.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി3)26/2019 /25.3.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി3)197/2020 /23.04.2020 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി3) 30/2022 /18.05.2022 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്